# പെരിന്തൽമണ്ണ നഗരസഭ

## 14–ാം പഞ്ചവത്സര പദ്ധതി (2022 – 2027)

# 2026-27 വാർഷിക പദ്ധതി

# അന്തിമ വാർഷിക പദ്ധതി രേഖ

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| നഗരസഭയുടെ പേര് | : | പെരിന്തൽമണ്ണ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | പെരിന്തൽമണ്ണ, പാതായ്ക്കര |
| അസംബ്ലി മണ്ഡലം | : | പെരിന്തൽമണ്ണ |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| ജില്ല | : | മലപ്പുറം |
| വിസ്തീർണ്ണം | : | 34.41 ച.കി.മീ |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | അങ്ങാടിപ്പുറം, വെട്ടത്തൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾ |
| തെക്ക്- | : | ഏലംകുളം, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ്- | : | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | : | 49723 |
| പുരുഷൻമാർ | : | 23542 |
| സ്ത്രീകൾ | : | 26181 |
| ജനസാന്ദ്രത | : | 1445 (ജ/സാ) |
| വാർഡുകൾ | : | 37 |

PERINTALMANNA MUNICIPALITY
PLAN OF PROPOSED MUNICIPAL WARD.



# ആമുഖം

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷത്തെ പദ്ധതികൾക്ക് രൂപം നല്കുന്നതിനായി ജനപങ്കാളിത്തത്തോടെ വികസനാശയങ്ങൾ ചർച്ചചെയ്യാനുള്ള വേദിയാണ് വികസന സെമിനാർ. പെരിന്തൽമണ്ണ നഗരസഭയുടെ ഏഴാമത് കൗൺസിലിന്റെ പ്രഥമ വാർഷിക പദ്ധതികൂടിയാണ് നമ്മൾ തയ്യാറാക്കുന്നത്. 2026-2027 വർഷത്തെ പദ്ധതി രൂപീകരണ പ്രക്രിയയുടെ ഭാഗമായ എല്ലാവരേയും അഭിവാദ്യം ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകളിലും വാർഡ് സഭകളിലും ചർച്ചക്ക് വിധേയമായ പദ്ധതി നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നത്.

പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാകണം നമ്മുടെ പദ്ധതികളും ഉണ്ടാക്കേണ്ടത്. നഗരസഭയുടെ സാമ്പത്തികവളർച്ചയും പാവപ്പെട്ടവരുടെ ക്ഷേമവുംഉത്പാദനരംഗത്തെ ഗുണപരമായ മാറ്റവും പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരോടുള്ള നമ്മുടെ കടപ്പാടും, കലാകായിക-സാസ്കാരിക രംഗത്തെ കാലോചിതമായ ഇടപെടലും അടങ്ങിയതാകണം നമ്മുടെ വാർഷിക പദ്ധതി.

പെരിന്തൽമണ്ണ നഗരസഭ നിലവിൽ വന്നതിന് ശേഷം നാം കൈവരിച്ച മികച്ച നേട്ടങ്ങളുടെ അർത്ഥപൂർണമായ സ്ഥിരതയും അപാകതകളുടെ സമ്പൂർണമായ പൊളിച്ചെഴുത്തും കരട് പദ്ധതി രേഖയിൽ പ്രതിഫലിച്ചിട്ടുണ്ട്. വികസന പദ്ധതികളുടെ പൂർത്തീകരകണവും പുതിയ പദ്ധതികളുടെ ഭാവനാ സമ്പന്നമായ അവതരണവും പദ്ധതിയെ കുറ്റമറ്റതാക്കുന്നുണ്ട്.

നഗരപാലികാനിയമം നിലവിൽ വന്നതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച് കിട്ടിയ പണവും അധികാരങ്ങളും പ്രാദേശിക വികസന രംഗത്ത് മികച്ച മുന്നേറ്റമാണ് ഉണ്ടാക്കിയത്. എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ അധികാര കേന്ദ്രീകരണവും പദ്ധതി വിഹിതത്തിന്റെ സുഖകരമല്ലാത്ത വിതരണവും പ്രാദേശിക ഭരണകൂടങ്ങളെ വലിയ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇതിനെ നേരിട്ടും മറികടന്നും മുന്നോട്ട് പോകാനാണ് നാം ഇനി പരിശ്രമിക്കേണ്ടത്.

നിങ്ങളേവരുടേയും പരിപൂർണ പിന്തുണയും സഹകരണവും ഈ വേളയിൽ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികളിൽപ്പെട്ട് ചിറകരിയപ്പെട്ട പെരിന്തൽമണ്ണ നഗരസഭക്ക് മുന്നോട്ട് കുതിക്കാനുള്ള ഊർജ്ജം പകരേണ്ടത് നിങ്ങളാണ്. കൗൺസിലർമാർ, ഉദ്യോഗസ്ഥർ, വിദഗ്ദർ, സർവ്വോപരി ചർച്ചകളിൽ പങ്കെടുക്കുന്ന സഹോദരീ സഹോദരങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എല്ലാവരേയും ഒരിക്കൽകൂടി അഭിവാദ്യം ചെയ്യുന്നു.

**പച്ചീരി സുരയ്യ ഫാറൂഖ്**
ചെയർപേഴ്സൺ,
പെരിന്തൽമണ്ണ നഗരസഭ



ചെയർപേഴ്സൺ

# സുരയ്യ ഫാറൂഖ്



## വൈസ്
## ചെയർപേഴ്സൺ

# എം ബി
# ഫസൽ മുഹമ്മദ്

# ധനകാര്യ
# സ്റ്റാന്റിങ് കമ്മിറ്റി



**ചെയർപേഴ്സൺ**
എം ബി
ഫസൽ മുഹമ്മദ്

**അംഗങ്ങൾ**



ബിന്ദു



സുനിൽ കുമാർ



മുഹമ്മദ് ഷക്കീർ



ജിഷ്ണു



ശ്രീനിവാസൻ

# വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി



ചെയർപേഴ്സൺ
ദിനേശൻ കണക്കഞ്ചേരി

## അംഗങ്ങൾ



റജീന സലിം



സബിത



പച്ചീരി സുബൈർ



പ്രീത



ശരത്ത്

# ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി



**ചെയർപേഴ്സൺ**
കദീജ തോട്ടശ്ശേരി



അലീന മറിയം



സെമീന ജാഫർ



അസ്കർ
കരിമ്പനക്കൽ



സ്മൃതി



വന്ദന

# ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി



**ചെയർപേഴ്സൺ**
നാലകത്ത്
ബഷീർ മാസ്റ്റർ



സുമയ്യ



റാഷിഖ്



മുസ്തഫ



ജുമാന സലിം.



മൻസൂർ

# പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി



**ചെയർപേഴ്സൺ**
**ഹുസൈന നാസർ**



ഉനൈസ് കക്കൂത്ത്



നസീമ ഫിറോസ്



അരുൺ



വി രാഹുൽ



ഷെർളിജ

# വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിങ് കമ്മറ്റി



ചെയർപേഴ്സൺ
അമ്പിളി മനോജ്



നിഷ സുബൈർ



മുഹമ്മദ് ഫാസിൽ



സലീന



അജിൽ കുമാർ



സുരയ്യ ബാനു



മുനിസിപ്പൽ സെക്രട്ടറി
ലാൽകുമാർ
ജെ ആർ



മുൻസിപ്പൽ
എഞ്ചിനീയർ

രാജേഷ് കെ .ആർ



ഹെൽത്ത് സൂപ്പർവൈസർ &
ക്ലീൻ സിറ്റി മാനേജർ

വത്സൻ സി കെ



സൂപ്രണ്ട്
(റവന്യു വിഭാഗം)

അനിത എം കെ



സൂപ്രണ്ട്
(ജനറൽ വിഭാഗം)

രാമകൃഷ്ണൻ കെ



രജിസ്ട്രാർ&സീനിയർ
പബ്ലിക് ഹെൽത്ത്
ഇൻസ്പെക്ടർ ഗ്രേഡ്1

റഫീക് സി



റവന്യു
ഇൻസ്പെക്ടർ

സുജ സി എം



കുടുംബശ്രീ
മെമ്പർ സെക്രട്ടറി

രാജീവൻ ടി



അക്കൌണ്ടൻറ്

PPK മുഹമ്മദ്

## അദ്ധ്യായം – 1

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി ആശുപത്രി നഗരമെന്ന ഖ്യാതിയാണ് മൂന്നു ദശകങ്ങളിലായി പെരിന്തൽമണ്ണ നഗരത്തിന് കൈവന്നിട്ടുള്ളത്. നഗരസഭാ രൂപീകരണഘട്ടം മുതൽ കാൽ നൂറ്റാണ്ടു കാലത്തെ ജനകീയാസൂത്രണ കാലയളവിൽ നഗരത്തിന് വിവിധ മേഖലകളിലുണ്ടായ വളർച്ച ദ്രുത ഗതിയിലാണ്.

21-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ തന്നെ ജനകീയ മാസ്റ്റർപ്ലാൻ എന്ന ആശയം രൂപപ്പെട്ടു വന്നുവെങ്കിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. അംഗീകരിക്കപ്പെട്ട മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള വികസന പരിണാമത്തിലേക്ക് നഗരസഭയെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

വികേന്ദ്രീതാസൂത്രണത്തിന്റെ ഫലമുണ്ടായ നീർത്തടാധിഷ്ഠിത വികസനം പൂർണ്ണമായും പ്രായോഗികമാക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്കുള്ള കവാടമാണ് പെരിന്തൽമണ്ണ. വടക്കുഭാഗത്ത് നീണ്ടുകിടക്കുന്ന അമ്മിനിക്കാടൻ മലയുടെ താഴ്വരയിലാണ് പെരിന്തൽമണ്ണ നഗരസഭ സ്ഥിതിചെയ്യുന്നത്. ഉയർന്ന തെക്കുകിഴക്കൻ ഭാഗങ്ങളിൽ നിന്നും വടക്കു പടിഞ്ഞാറു ഭാഗത്ത് ചെരിഞ്ഞു കിടക്കുന്ന ഭൂപ്രദേശമായിട്ടാണ് നഗരത്തിന്റെ പ്രധാന ഭാഗത്തിന്റെ കിടപ്പ്. ഉയർന്ന സമതലം, കുത്തനെയും ചെറിയ ചെരിവുകളോടുകൂടിയതുമായ പ്രദേശം, സമതല താഴ്വാര പ്രദേശം, എന്നീ സ്വഭാവമുള്ള ഭൂപ്രദേശങ്ങളാണ് ഉള്ളത്. പ്രധാനമായും ചെങ്കൽമണ്ണും എക്കൽമണ്ണുമാണ് ഈ പ്രദേശത്ത് കണ്ടുവരുന്നത്. നഗരസഭയുടെ നാലിലൊന്ന് ഭാഗമാണ് നഗരസ്വഭാവമുള്ളത്. പ്രാന്ത പ്രദേശങ്ങൾ പൊതുവെ ജനസാന്ദ്രത കുറഞ്ഞതും ഗ്രാമീണ സ്വഭാവമുള്ളതുമാണ്. അമ്മിനിക്കാടൻ മലകളിൽ നിന്നും വ്യാപിക്കുന്ന തോടും, പാതായ്ക്കര കോരകുളത്തിൽ നിന്നാരംഭിക്കുന്ന തോടും നഗരപ്രദേശത്തെ ചുറ്റി ഒഴുകുന്നു. കുന്നപ്പള്ളി, എരവിമംഗലം ഭാഗങ്ങളിൽ ചെറു തോടുകളുമുണ്ട്. ഏറ്റവുമടുത്തുള്ള തൂതപ്പുഴയിൽ നിന്നും ഏകദേശം എട്ട് കിലോമീറ്റർ ദൂരത്തിലാണ് നഗരം സ്ഥിതിചെയ്യുന്നത്.

നഗരസഭയിലെ ജനസംഖ്യ 2011ലെ സെൻസസ് അനുസരിച്ച് 49723 ആണ്. മറ്റു നഗരങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രതയിൽ മുന്നിട്ടുനിൽക്കുന്ന പ്രദേശമാണ്. നഗരപ്രദേശങ്ങളിലെ വാർഡുകളിൽ ഉയർന്ന ജനസാന്ദ്രതയും പ്രാന്ത പ്രദേശങ്ങളിലെ വാർഡുകളിൽ താരതമ്യേന കുറഞ്ഞ ജനസാന്ദ്രതുമാണുള്ളത്. വൻകിട ആശുപത്രികളുടെയും വിദ്യാഭ്യാസ വ്യാപാര സ്ഥാപനങ്ങളുടെയും സാന്നിദ്ധ്യം നഗരത്തെ തിരക്കുള്ള നഗരമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ജനസംഖ്യയിൽ പകുതിയിലേറെയും യുവ-മദ്ധ്യ വയസ്കരുടെ വിഭാഗത്തിൽപ്പെട്ടവരാണ്.

നെല്ല്, തെങ്ങ്, വാഴ, റബ്ബർ, മരച്ചീനി എന്നിവയാണ് പ്രധാന വിളവുകൾ. പുരാതനകാലം മുതൽക്കുതന്നെ പെരിന്തൽമണ്ണ വാണിജ്യ പ്രാധാന്യമുള്ള ഒരു കേന്ദ്രമാണ്. അതിവേഗതയിലുള്ള നഗരവൽക്കരണം നടക്കുന്ന പ്രദേശം കൂടിയാണ്. ജില്ലയിലെ ഏറ്റവും ധ്രുതഗതിയിൽ വളരുന്ന നഗരമാണ്. കാർഷികമേഖലയിൽ നിന്നും നിർമ്മാണ മേഖലയിലേക്കുള്ള തൊഴിൽമാറ്റം ദൃശ്യമാണ്. ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളമായി ആശ്രയിക്കുന്ന നഗരമാണ്. സമീപ പ്രദേശങ്ങളിൽ നിന്നും നിർമ്മാണ മേഖലയിലും ഇതര മേഖലകളിലുമായി ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നു. നഗരസഭയിലെ ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗം പ്രവാസി കുടുംബങ്ങളാണ്.

കൃഷിഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതും, വയൽനികത്തലും, കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും പ്രധാന പ്രശ്നങ്ങളാണ്. കാലാവസ്ഥാ വ്യതിയാനം, വെള്ളത്തിന്റെ കുറവ്, കാർഷികമേഖലയിലെ തൊഴിലാളി ക്ഷാമം എന്നിവയും നിലനിൽക്കുന്നു. കുടിവെള്ള പ്രശ്നം പൊതുവെ എല്ലായിടത്തും ഉണ്ട്. വാഹനപ്പെരുപ്പം, ഇടുങ്ങിയ റോഡുകൾ, പാർക്കിങ് അസൗകര്യം എന്നിവ നഗരത്തിലെ ഗതാഗത കുരുക്കിന് കാരണമാകുന്നു. തോടുകളുടെ മലിനീകരണം മറ്റൊരു പ്രധാന പ്രശ്നമാണ്. മാലിന്യസംസ്കരണ രംഗത്ത് മറ്റു നഗരസഭകൾക്ക് മാതൃകയായ രീതിയിൽ പ്രവർത്തനം മുന്നേറിയിട്ടുണ്ട്. പ്രധാന വ്യവസായ സ്ഥാപനങ്ങളൊന്നും ഇല്ലാത്തത് തൊഴിൽമേഖലയിലെ പിന്നോക്കാവസ്ഥക്കുള്ള കാരണമാണ്. പാർക്കുകളുടെ അഭാവം ഉണ്ട്. സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ലാത്തതും പരിഹരിക്കേണ്ടതാണ്.

## അദ്ധ്യായം – 2

# വാർഷിക പദ്ധതി അവലോകനം

### കാർഷിക മേഖല

കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതികളിൽ നടത്തിയ ശക്തമായ ഇടപെടലിലൂടെ കൃഷിഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. 970 ഏക്കർ തരിശുഭൂമിയിൽ 320 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കാൻ നമുക്കു കഴിഞ്ഞു. 650 ഏക്കർ ഭൂമി ഇനിയും അവശേഷിക്കുന്നു. വീടുകളുടെ വർദ്ധനവ് കാർഷികേതര ഭൂമിയുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്. കുറഞ്ഞു കുറഞ്ഞു വന്നിരുന്ന നെൽ വയൽ വിസ്തൃതി 310 ഹെക്ടറിൽ നിന്ന് 480 ലെത്തിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇനിയും ഏറെ ദൂരം മുന്നോട്ടുപോകാനുണ്ട്. മറ്റു വിളകളുടെ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കശുവണ്ടി വിളയുടെ കാര്യത്തിൽ മാത്രം ഇടിവാണ് സംഭവിച്ചത്. നഗരസഭയിലെ പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാനായി. വർഷം ശരാശരി 480 ടൺ പച്ചക്കറി ഉൽപ്പാദനവും കിഴങ്ങു വർഗ്ഗ ഉൽപ്പാദനത്തിൽ പതിൻമടങ്ങു വർദ്ധനവും ഉണ്ടായിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നടപ്പാക്കിയ വിവിധ കാർഷിക പ്രോജക്ടുകളാണ് ഈ നേട്ടങ്ങൾക്ക് അടിസ്ഥാനം.

### പാർപ്പിടം

ജനസംഖ്യാനുപാതികമായി വീടുകളും പുരയിടങ്ങളും വർദ്ധിച്ചുവരുന്നു. ഇന്ന് 12050 വീടുകളാണ് നഗരസഭയിൽ ഉള്ളത്. വീടുകളുടെ സ്വഭാവത്തിൽ വന്ന മാറ്റം ശ്രദ്ധേയമാണ്. പ്രാരംഭ കാലത്ത് കണക്കെടുപ്പിലൂടെ കണ്ടെത്തിയ നൂറുകണക്കിന് ഓലമേഞ്ഞ വീടുകൾ ഘട്ടം ഘട്ടമായി ഓടിട്ടതാക്കാൻ കഴിഞ്ഞു. ഇന്ന് അത്തരം വീടകൾ ഏറെക്കുറെ ടെറസ്സ് വീടുകളായി മാറിക്കഴിഞ്ഞു. വാംബെ, ഐ.എച്ച്.എസ്.ഡി.പി, ഇ.എം.എസ് ഭവന പദ്ധതി, സ്നേഹഭവനം-ലൈഫ് പദ്ധതികളുടെ എല്ലാം ഭാഗമായി 2800 ലധികം വീടുകളാണ് നിർമ്മിക്കപ്പെട്ടത്. അടുത്ത കാലത്ത് പണി പൂർത്തിയാക്കിയ 400 കുടുംബങ്ങൾക്കു താമസിക്കാനുതകുന്ന ഫ്ളാറ്റ് സമുച്ചയവും 500 ലധികം സ്നേഹഭവനങ്ങളും ഈ മാറ്റത്തിന് ആക്കം കൂട്ടി. 1996 ൽ 857 കുടുംബങ്ങൾ ഭവന-ഭൂരഹിതരായി ഉണ്ടായിരുന്നത് ജനസംഖ്യാ വർദ്ധനവുായിട്ടും ഇന്ന് അവശേഷിക്കുന്നത് 200 ൽ താഴെ മാത്രമാണ്.

### കുടിവെള്ളം

തൊണ്ണൂറുകൾ കുടിവെള്ള ക്ഷാമം രൂക്ഷമായ ഒരു കാലഘട്ടമായിരുന്നു. 235 പൊതുടാപ്പുകൾ 2120 സ്വകാര്യ കണക്ഷനുകൾ, പ്രതിദിനം 35 ലക്ഷം ലിറ്റർ ജലവിതരണം. 76 കുഴൽ കിണറുകൾ ,37 പൊതു കിണറുകൾ ഇതൊക്കെയാണ് അന്നത്തെ ചിത്രം. ഇന്ന് 75 ലക്ഷം ലിറ്റർ ജലം വിതരണം ചെയ്യുന്നു. സ്വകാര്യ കണക്കുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 5 ഇരട്ടിയിലേറെയാണ്. 2006 ൽ എൽ.ഐ.സി സഹായത്തോടെ നടപ്പാക്കിയ പദ്ധതി ജലസംഭരണത്തിലും വിതരണശൃംഘലയിലും സമൂലമായ മാറ്റവും പുരോഗതിയും കൈവരിക്കാൻ ഇടയാക്കി. എങ്കിലും കാലപ്പഴക്കം ചെന്ന വിതരണ ശൃംഖല, പമ്പിംഗ് മെയിൻ തകരാറുകൾ, വോൾട്ടേജ് ക്ഷാമം, എന്നിവ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള തടസ്സങ്ങളാണ്.ഇപ്പോൾ പുരോഗതിയിലുള്ള രാമഞ്ചാടി പദ്ധതിയും ജൽ ജീവ ൻ പദ്ധതിയും ശാശ്വതപരിഹാരമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ആരോഗ്യം

95-96 കാലഘട്ടത്തിലുണ്ടായിരുന്ന താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, 3 പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഗവ.ആയുർവേദ ആശുപത്രി , ഏതാനും സ്വകാര്യ ആശുപത്രികളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ജില്ലാ തല ആശുപത്രിയായി ഉയർത്തപ്പെട്ട സർക്കാർ ആശുപത്രിയും 5 പ്രൈമറി ഹെൽത്ത് സെന്ററുകളും ഒരു ഹോമിയോ ഡിസ്പെൻസറിയും ആയുർവേദാശുപത്രിയും 5 സ്പെഷ്യാലിറ്റി ആശുപത്രികളും മറ്റു ധാരാളം ചെറുകിട

ആശുപത്രികളുമായി പെരിന്തൽമണ്ണ ഒരു ആശുപത്രി നഗരമായി വളർന്നു. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായിരുന്നപ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനം കെട്ടിടങ്ങൾക്കും ഉപകരണങ്ങൾക്കും മറ്റു സംവിധാനങ്ങൾക്കുമായി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഗവ.ആശുപത്രി കെട്ടിടം നവീകരിക്കപ്പെട്ടു. ആയുഷ് പദ്ധതിയുടെ ഭാഗമായി പുതിയ നിർമ്മാണവും നടക്കുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നടപ്പാക്കിയ സാന്ത്വനം ദശദിന ക്യാമ്പ് സംസ്ഥാനത്ത് തന്നെ ജനശ്രദ്ധ പിടിച്ചുപറ്റി,. വയോജന ഹോം കെയർ, മഴക്കാല രോഗ നിയന്ത്രണം, ജീവിത ശൈലീ രോഗനിയന്ത്രണം, ആരോഗ്യകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ, ഉപകരണങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ സ്ക്രീനിംഗ്, തിമിര വിമുക്തനഗരം പദ്ധതി, ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ തുടങ്ങിയവ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ നിരവധിയാണ്.

**ശുചിത്വം, മാലിന്യ സംസ്കരണം**

ശുചിത്വ മാലിന്യസംസ്കരണ രംഗത്ത് അഞ്ചുപദ്ധതി കാലയളവിൽ ഏറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. 10-ാം പദ്ധതിക്കാലത്താണ് ഖരമാലിന്യസംസ്കരണത്തിന് സ്വന്തമായി 15 ഏക്കറോളം ഭൂമി നഗരസഭ വിലക്കെടുത്തത്. തുടർന്ന് 11,12,13 പഞ്ചവത്സര പദ്ധതികളിലൂടെ ഖരമാലിന്യ സംസ്ക രണത്തിനാവശ്യമായ സംവിധാനങ്ങൾ വിപുലപ്പെടുത്തി. ഇക്കാലയളവിലുണ്ടായ ഖര-ദ്രവ മാലിന്യ അളവിലുണ്ടായ വർദ്ധനവ് പലമടങ്ങാണ്. ഹരിതസേനയെ ഉപയോഗപ്പെടുത്തി മാലിന്യശേഖ രണവും ഖരമാലിന്യസംസ്കരണവും 12,13 പദ്ധതിക്കാലത്താണ് നടപ്പാക്കിയത്.

**വിദ്യാഭ്യാസം**

ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി സ്മാരകമായിട്ടാണ് ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ്, പെരിന്തൽമണ്ണ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, വി.എച്ച്.എസ്.ഇ, ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ഗവ.സെൻട്രൽ എൽ.പി സ്കൂൾ എന്നിവയടങ്ങുന്ന കോംപ്ലക്സ് ആരംഭിച്ചത്.കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ 4 സ്ഥാപനങ്ങളിലുമായി പുതിയ കെട്ടിടങ്ങൾ സ്ഥാപിതമായി. ബോയ്സ് ഹയർ സെക്ന്ററി സ്കൂൾ ആധുനിക സൗകര്യങ്ങളോടെ പണി പൂർത്തിയാക്കി.മറ്റു സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.4 സ്ഥാപനങ്ങളുടേയും ഭൗതിക-അക്കാദമിക സൗകര്യങ്ങളിലും ഗുണ നിലവാരത്തിലും വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. കൂടാതെ മറ്റു സർക്കാർ സ്കൂളുകളും കഴിഞ്ഞ 25 വർഷക്കാലം കൊ് കെട്ടിടസൗകര്യങ്ങളിലും അനുബന്ധ സംവിധാനങ്ങളിലും നേട്ടങ്ങൾ കൈവരിച്ചു. ഇതിന്റെയെല്ലാം ഫലമായി പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എൻറോൾമെന്റിൽ സർവ്വകാല റെക്കോർഡ് ആയി. എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ വിജയശതമാനത്തിലുണ്ടായ വർദ്ധനവും പദ്ധതി വിജയത്തിന്റെ സാക്ഷ്യപത്രമാണ്

**കല,സംസ്കാരം,യുവജനക്ഷേമം**

25 വർഷങ്ങൾകൊണ്ട് വായനശാലയുടെ എണ്ണത്തിലും പുസ്തകങ്ങളുടെ എണ്ണത്തിലും പ്രവർ ത്തനങ്ങളുടെ വൈവിധ്യത്തിലും പദ്ധതി പ്രവർത്തനങ്ങൾ ഗുണകരമായ മാറ്റമുണ്ടാക്കി. ഇന്ന് 12 വായനശാലകൾ, 76 ക്ലബ്ബുകൾ , 2 ഫിലിം സൊസൈറ്റികൾ എന്നിവ പ്രവർത്തിക്കുന്നു 6 വായന ശാലകൾക്ക് പുതിയ കെട്ടിടങ്ങൾ വന്നു. ക്ലബ്ബുകൾക്കാവശ്യമായ സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. കേരളോത്സവം ജനകീയമാക്കിയും വള്ളുവനാട് മഹോത്സവം, വിവിധ ദിനാചരണങ്ങൾ എന്നിവയിലൂടെയും വള്ളുവനാടൻ സാംസ്കാരിക രംഗം സജീവമായി നിലനിർത്താനായി.

**ഊർജ്ജം**

ഗാർഹിക - വ്യാപാര - വ്യാവസായിക - കാർഷിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പലമടങ്ങാണ്. 1996 ൽ എല്ലാ വിഭാഗങ്ങളിലുമായി 7825 കണക്ഷനുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 25000 നു മേലെയാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും ഊർജ്ജ വിതരണം കാര്യക്ഷമമാക്കാനും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ട ടി പദ്ധതികളിൽ നല്ല ഇടപെടലുകളുണ്ടായി.

**സാമൂഹ്യക്ഷേമം**

1995 - 96 കാലഘട്ടത്തിൽ നഗരസഭയിലുണ്ടായിരുന്നത് കേവലം 63 വിധവാ പെൻഷനുകളും 20 വാർദ്ധക്യകാല പെൻഷനുകളും 476 കർഷകതൊഴിലാളി പെൻഷനുകളുമായിരുന്നു. ഇന്നത് മൊത്തം 6595 ലധികമാണ്. അദാലത്തുകൾ വഴിയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ കൊണ്ടും ക്ഷേമപെൻഷൻ വിതരണം ഏതാണ്ട് സമ്പൂർണ്ണമാക്കാൻ കഴിഞ്ഞു. 2013 ൽ തന്നെ സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ ക്ഷേമപെൻഷൻ നഗരസഭയായി പ്രഖ്യാപിക്കപ്പെട്ടു.

**സാമൂഹ്യനീതി**

പ്രാരംഭഘട്ടത്തിൽ തന്നെ നഗരസഭയിൽ 22 അങ്കണവാടികളും ഒരു മുനിസിപ്പൽ ബാലവാടിയുമാണ് ഉണ്ടായിരുന്നത്. ഇന്ന് 31 അങ്കണവാടികളും ഒരു ബാലവാടിയും അടക്കം 32 എണ്ണം .ഇതിൽ 30 എണ്ണത്തിനും മികച്ച രീതിയിലുളള സ്വന്തം കെട്ടിടങ്ങളായി. 2 എണ്ണം മാത്രമാണ് വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. 12 എണ്ണവും ഹൈടെക്ക് അങ്കണവാടികളാണ്. റിപ്പയർ, പുതിയ കെട്ടിടം, ഫർണ്ണിച്ചർ , ഗ്യാസ് കണക്ഷൻ , വൈദ്യുതീകരണം, സ്ഥലം വാങ്ങൽ, വാടക നൽകൽ , ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള കണക്ഷൻ നൽകൽ, ടോയ്‌ലറ്റ് നിർമ്മാണം, പഠനോപകരണങ്ങളും കളിക്കോപ്പുകളും വാങ്ങൽ തുടങ്ങി നമ്മുടെ നഗരസഭയിലെ അങ്കണവാടികളുടെ ഭൗതികവും അക്കാദമികവുമായ മുന്നേറ്റത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്.12,13 പദ്ധതികളിലായി നിശ്ചിത ശതമാനം വയോജനക്ഷേമത്തിനായി നീക്കി വെക്കാനും മാതൃകാപരമായ പദ്ധതികൾ പ്രാവർത്തികമാക്കാനും കഴിഞ്ഞു. ഭിന്നശേഷിക്കാർക്ക് ഇക്കാലയളവിൽ 39 മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തു.

**വനിതാക്ഷേമം, കുടുംബശ്രീ**

91 ലെ സെൻസസ് പ്രകാരം 20,116 സ്ത്രീകളാണ് നഗരസഭയിലുണ്ടായിരുന്നത്. ഇന്ന് (2011 സെൻസസ്) പ്രകാരം 26,181 ആണ്. 2021 ലെ സെൻസസ് പൂർത്തിയാക്കി റിപ്പോർട്ടു വരുമ്പോൾ 30000 ൽ അധികരിക്കും. വനിതാ ഘടകപദ്ധതികളിൽ ഇതു വരെയായി വീടു നിർമ്മാണം, വനിതാതൊഴിൽ യൂണിറ്റുകൾ, സ്ത്രീ ശാക്തികരണപരിശീലനങ്ങൾ, കുടുംബശ്രീ തൊഴിൽ പരിശീലനകേന്ദ്രം, കലാജാഥകൾ, കുടുംബശ്രീ ലേബർ ബാങ്ക്, ഷീ ഓട്ടോ, തുടങ്ങി നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി.

34 എ.ഡി..എസ് കളിലായി 320 അയൽ കൂട്ടങ്ങളും അവയിൽ 5529 അംഗങ്ങളും 4.49 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് വായ്പയും 9.26 കോടി രൂപ ത്രിഫ്റ്റും 109 തൊഴിൽ യൂണിറ്റുകളുമാണ് കുടുംബശ്രീ സംവിധാനത്തിലുള്ളത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി 3780 പെൺകുട്ടികൾക്ക് സ്വയം രക്ഷാ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ 2023 ൽ നടക്കാനിരിക്കുകയുമാണ്.

**പട്ടികജാതി പട്ടികവർഗ്ഗക്ഷേമം**

1996 ൽ ആകെ ജനസംഖ്യ 10.4 % മാണ് പട്ടികജാതിവിഭാഗത്തിൽ ഉണ്ടായിരുന്നത്. 701 കുടുംബങ്ങൾ , 2 പട്ടികവർഗ്ഗ കുടുംബങ്ങൾ, 13 അംഗീകൃത കോളനികൾ 30 സങ്കേതങ്ങൾ അവയിലായി 546 കുടുംബങ്ങൾ- ആകെ 4084 അംഗങ്ങൾ ഇതായിരുന്നു അന്നത്തെ ചിത്രം. പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ കാര്യങ്ങളി ൽ നിലനിന്നിരുന്ന പിന്നോക്കാവസ്ഥയ്ക്ക് കുറച്ചൊക്കെ പരിഹാരം കാണാൻ കഴിഞ്ഞു. 2011 സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 10.98% എസ്.സി വിഭാഗമാണ്. അതായത് 5979 പേർ. ഓലമേഞ്ഞ വീടുകളാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിൽ ഈ വിഭാഗത്തിന്റെ 90 ശതമാനത്തിലേറെ വീടുകളും. അവയെ ആദ്യം ഓടിട്ട വീടുകളാക്കാനും ഇന്ന് കോൺക്രീറ്റ് വീടുകളിലേക്ക് മാറ്റാനും കഴിഞ്ഞു. വിവിധ പദ്ധതികളിലൂടെ 1200 ലധികം വീടുകളുടെ പുനർ നിർമ്മാണം പൂർത്തിയായി. കോളനികളുടെ ചുറ്റുമതിൽ നിർമ്മാണം, ശുചിത്വ കക്കൂസുകൾ , കുടിവെള്ള പദ്ധതികൾ, എന്നിവ നടപ്പിലാക്കിയതു മൂലം ജീവിത നിലവാരത്തിൽ മാറ്റമുണ്ടായി. പഠനോപകരണങ്ങളും ലാപ്ടോപ്പ് വിതരണവും പഠനമുറി ഒരുക്കലും സ്കോളർഷിപ്പുകളും പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സാധ്യതകളെയും ജോലി സാധ്യതകളെയും വിപുലപ്പെടുത്തി. തൊഴിൽ സുരക്ഷിതത്വം, സാമൂഹ്യ സുരക്ഷിതത്വും, ആരോഗ്യം എന്നീ മേഖലകളിൽ നിലനിൽക്കുന്ന മാന്ദ്യം ഇനിയും മറികടക്കേണ്ടതുണ്ട്.

**പശ്ചാത്തലമേഖല**

കേവലം 30 ടാർചെയ്ത റോഡുകളും 13 ടാർ ചെയ്യേണ്ട റോഡുകളും 134 മെറ്റൽ ചെയ്യാത്ത റോഡുകളും ആയിരുന്നു ജനകീയാസൂത്രണ പ്രാരംഭഘട്ടത്തിൽ നഗരസഭയിലെ അവസ്ഥ. ഇന്ന് ചെറുതും വലുതുമായി റോഡുകളുടെ എണ്ണം 700 ലധികമാണ്. ഇതിൽ ഭൂരിഭാഗവും ടാർ ചെയ്തവയും കോൺക്രീറ്റ് ചെയ്തവയുമാണ്. 80 ലധികം പ്രധാന റോഡുകൾ ഇക്കാലയളവിൽ വീതി കൂട്ടി ഡ്രെയിനേജ് സൗകര്യമുണ്ടാക്കി. 235 കിലോമീറ്റർ റോഡ് നിർമ്മിക്കപ്പെടുകയും അഭിവൃദ്ധിപ്പെടുകയും ചെയ്തു.95-96 കാലഘട്ടത്തിൽ 96.50കിലോമീറ്റർ റോഡാണ് ഗതാഗതയോഗ്യമായി ഉണ്ടായിരുന്നതെങ്കിൽ 25 വർഷം കൊണ്ട് ഇത് മൂന്നിരട്ടിയിലധികമായി മാറി. ഈ റോഡുകളുടെ എണ്ണവും സ്ഥലവും കണക്കാക്കിയാ വിട്ടു കിട്ടിയ സ്ഥലത്തിന്റെ മൂല്യം ഇക്കാലയളവിലെ പദ്ധതി വിഹിതത്തേക്കാൾ അധികമാണെന്നു കാണാം.

# അദ്ധ്യായം – 3

## പ്രശ്ന വിശകലനവും, പ്രശ്ന പരിഹാര സാധ്യതകളും

**ഉൽപാദനമേഖല:–**

ഉൽപാദന രംഗത്ത് വളരെ കാലം മുമ്പ് തന്നെ മുൻപന്തിയിൽ നിന്നിരുന്ന ഒരു പ്രദേശമാണ് നമ്മുടെ നഗരസഭ. എന്നാൽ നഗരവൽക്കരണത്തിന്റെയും, വ്യവസായ വൽക്കരണത്തിന്റെയും അതിപ്രസരം കാരണം കുറച്ച് കാലങ്ങളായി നഗര പ്രദേശത്ത് ഉൽപാദന മേഖലയിൽ സ്ഥായിയായ വളർച്ച നേടിയെടുക്കാൻ നമുക്ക് സാധിക്കുന്നില്ല എന്നത് പരമാർത്ഥമാണ്. ഉൽപാദനത്തോടൊപ്പം വിപണനത്തിന് സാധ്യതകൾ ഇല്ലാതായി പോകുന്നത് വലിയൊരു വെല്ലുവിളിയാണ്. കാർഷിക രംഗത്ത് നെല്ല്, വാഴ, കിഴങ്ങ്, പച്ചക്കറി എന്നിവയുടെ ഉൽപാദനത്തിൽ 13-ാം പദ്ധതിക്കാലത്ത് മാറ്റത്തിന്റെ പ്രസരണം കാണാൻ തുടങ്ങിയിട്ടുണ്ട് എന്നത് പ്രതീക്ഷ നൽകുന്നതാണ്. എന്തും വിലകൊടുത്ത് വാങ്ങുക എന്ന ഉപഭോഗ സംസ്കാരത്തിന്റെ പ്രത്യേകതക്ക് നാം കീഴ്പ്പെട്ട് കഴിഞ്ഞു. ഇതിൽ നിന്ന് മുക്തി നേടേണ്ടത് അത്യാവശ്യമാണ്. സംഘ കൃഷി, അടുക്കളത്തോട്ടം, മട്ടുപ്പാവു കൃഷി എന്നീ കൃഷി രീതിയിൽ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടുംബശ്രീ ജെ.എൽ.ജികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. പാടശേഖര സമിതികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലതയോടെ വ്യാപിപ്പിക്കണം. കൃഷി ആവശ്യങ്ങൾക്കുള്ള ഭൂമി മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും, കൃഷി ഭൂമി തരിശിടുന്നതുമായ പ്രവണതകൾ അവസാനിപ്പിക്കണം. പാഴായി കിടക്കുന്ന സ്ഥലങ്ങളിൽ വലിയ മുതൽമുടക്കില്ലാത്ത കിഴങ്ങ് വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കണം. ജല ലഭ്യത ഉറപ്പ് വരുത്തുന്നതോടൊപ്പം കാർഷികമേഖലയിലെ തൊഴിലാളി പ്രതിസന്ധികൂടി പരിഹരിക്കപ്പെട്ട്കൊണ്ട് 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉൽപാദന മേഖലയിൽ സ്ഥായിയായ വളർച്ചക്ക് ഊന്നൽ നൽകി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം.

**പരിഹാര സാധ്യതകൾ**

1) നിലവിലുള്ള ജലസ്രോതസ്സുകൾ വറ്റിപോകാതിരിക്കാനും അവ സംരക്ഷിക്കാനും നടപടി എടുക്കൽ.

2) കുടുംബശ്രീയുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) ക്കൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

3) വ്യവസായ വകുപ്പിന്റെയും, കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ കാർഷിക ഉൽപാദനം, സംഭരണം, സംസ്കാരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക.

4) കൃഷി ആവശ്യങ്ങൾക്ക് ആധുനിക യന്ത്രസാമഗ്രികൾ ലഭ്യമാക്കുക.

5) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയുമായി ബന്ധിപ്പിച്ച് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുക.

6) കുളം, തോട്, മറ്റു ജല സ്രോതസ്സുകൾ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

7) ജൈവ വളം നൂതന രീതിയിൽ ഉൽപാദിപ്പിക്കുക. പൊതുസ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ ശേഖരിച്ച് ജൈവ വളം ഉൽപ്പാദിപ്പിക്കുക.

8) ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ നഗരസഭ പ്രദേശത്ത് കാർഷിക പ്രവർത്തികൾക്ക് തൊഴിലാളികളെ കണ്ടെത്തുക.

9) പാടശേഖരസമിതി, കേരസമിതികളും കൂട്ടായി പ്രവർത്തിച്ച് കൃഷിഭൂമി നികത്തുന്നതും, തരിശിടുന്നതും ഒഴിവാക്കി കൂട്ടുകൃഷിക്ക് പ്രോത്സാഹനം നൽകുക.

10) നഗരസഭയുടെയും, കൃഷി ഭവനുകളുടെയും നേതൃത്വത്തിൽ കാർഷിക മേഖലകളിൽ നല്ലയിനം തൈകളും, വിത്തുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

11) കുളങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളഇൽ മത്സ്യകൃഷി വ്യാപിപ്പിക്കൽ

**മൃഗസംരക്ഷണ മേഖല**

മൃഗസമ്പത്ത് നഗരപുരോഗതിക്ക് സഹായകമായ ഘടകങ്ങളിലൊന്നാണ്. ഗ്രാമസമ്പത്ത് വ്യവസ്ഥക്കെന്ന പോലെ നഗര സമ്പത്ത് വ്യവസ്ഥക്കും മൃഗസമ്പത്ത് വളരെ പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. കാർഷികാവശ്യങ്ങൾക്ക് പുറമെ ഭക്ഷണത്തിനും, മറ്റു ഉൽപന്ന നിർമ്മാണത്തിനും മൃഗസമ്പത്ത് വളരെയേറെ പ്രയോജനപ്പെടുത്താവുന്നതാണ്. നിത്യജീവിതത്തിൽ പോഷക പ്രധാനമായ വസ്തുക്കൾ മൃഗപരിപാലനം വഴി ലഭ്യമാക്കാവുന്നതാണ്. മാംസം, പാൽ, മുട്ട എന്നിങ്ങനെ നിരവധി വിഭവങ്ങൾക്ക് മൃഗസമ്പത്തിനെ ഉപയോഗപ്പെടുത്താവുന്നതാണ്. തീറ്റപുല്ലിന്റെ ക്ഷാമം നഗരപ്രദേശത്ത് മഗ്യപരിപാലനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിനഗര പ്രദേശങ്ങളിൽ ആദായകമായി നടത്തുന്നതിന് പ്രോത്സാഹനം നൽകണം. ഉൽപാദനച്ചിലവിന് ആനുപാദികമായി ഉൽപന്നങ്ങൾക്ക് വില ലഭിക്കാത്തതും മൃഗസംരക്ഷണ രംഗത്ത് വലിയൊരു വെല്ലുവിളിയാണ്. രോഗങ്ങൾ കാരണവും മറ്റും മൃഗസമ്പത്ത് വളരെ കുറവ് വന്നിട്ടുണ്ട്. ഇതിനൊരു പരിഹാരം എന്ന നിലക്ക് നഗരപ്രദേശത്തിലെ മൃഗങ്ങളെ ഇൻഷ്വൂറൻസ് പരിധിയിൽ കൊണ്ട് വരിക എന്നതാണ്. മുയൽ, കോഴി, താറാവ്, ആട് എന്നിവയെ വളർത്തുന്നതിന് 'അടുക്കള മുറ്റം' എന്ന നൂതന പദ്ധതിക്ക് രൂപം നൽകണം.

**പരിഹാര സാധ്യതകൾ**

1) മുയൽ, കോഴി, താറാവ് വളർത്തൽ തൊഴിലിലേക്ക് കൂടുതൽ യുവതി യുവാക്കളെ ആകർഷിക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുക.

2) കുടുംബശ്രീ യൂണിറ്റുകൾക്ക് പശു, മുയൽ, കോഴി, താറാവ്, ആട് എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകൽ.

3) മൃഗങ്ങൾക്ക് ഇൻഷ്വൂറൻസ് പരിരക്ഷ ഉറപ്പാക്കൽ.

4) മാംസം, പാൽ, മുട്ട എന്നീ ഉൽപന്നങ്ങളുടെ വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

5) വളർത്തു മൃഗങ്ങളുടെ സെൻസസ് പൂർത്തിയാക്കി, സംരംഭകർക്ക് പരമാവധി സഹായം നൽകൽ.

6) കൃഷി മേഖലകളിൽ പരമാവധി യന്ത്രവൽക്കരണം കുറവാക്കി കാലി സമ്പത്ത് കൃഷിക്ക് ഉപയോഗപ്പെടുത്തുക.

7) പേ വിഷ നിർമ്മാർജ്ജനത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

8) മൃഗ ചികിത്സാ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുക.

**വ്യവസായ മേഖല**

വ്യവസായ വളർച്ചക്ക് അനുകൂലമായ ഒട്ടേറെ ഘടകങ്ങൾ നമ്മുടെ നഗരസഭയിലുണ്ട്. കാർഷികാധിഷ്ഠിത വ്യവസായ സാധ്യതകൾ പരിശോധിച്ച് നൂതന പദ്ധതികൾക്ക് രൂപം നൽകാവു ന്നതാണ്. ലോക സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിത ഫലമായി തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് നിന്ന് വന്നവർക്ക്കൂടി ഉപകാരപ്പെടുന്ന രൂപത്തിലുള്ള സൂഷ്മ സംരംഭങ്ങൾക്ക് ഊന്നൽ നൽകണം. വനിതകളുടെ തൊഴിൽ സംരംഭങ്ങൾക്കും, തൊഴിൽ സാധ്യതകൾക്കും പ്രത്യേക പ്രാധാന്യം നൽകി ചെറുകിട സംരംഭങ്ങൾക്ക് പരമാവധി സബ്സിഡി ലഭ്യമാക്കണം. പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവരെ സംരക്ഷിച്ച് മികച്ച രീതിയിൽ ഉൽപന്നങ്ങളുടെ വിപണന സാധ്യത നിലനിർത്തണം. നഗരസഭക്ക് സ്വന്തമായി 6 ഏക്കർ സ്ഥലത്ത് വ്യവസായ കേന്ദ്രത്തിന് സ്ഥലം ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഭാവി വ്യവസായ വികസനത്തിന്റെ കേന്ദ്രമാക്കി ഇതിനെ മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാക്കേണ്ടുന്ന ലൈസൻസുകളുടെ കാലതാമസവും, അവ സംബന്ധിച്ച നൂലാമാലകളും ചെറുകിട സംരംഭകരെ അതിൽ നിന്ന് പുറകോട്ടടുപ്പിക്കുന്നുണ്ട്. ഇത് ഇല്ലാതാക്കാൻ വ്യവസായ വകുപ്പുമായി സംയോജിപ്പിച്ച് സംരംഭക പ്രവർത്തനം നടത്തേണ്ടതുണ്ട്. കാർഷികാധിഷ്ഠിത, ക്ഷീരോൽപ്പന്നങ്ങളുടെ വിപണന സാധ്യത മെച്ചപ്പെടുത്തുകയും ചെറുകിട, സൂഷ്മ സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും വേണം.

**പരിഹാര സാധ്യതകൾ**

1) കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് സഹായം നൽകൽ
2) വനിതാ വ്യവസായ യൂണിറ്റുകളുടെ രൂപീകരണം.
3) സഹകരണാടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കൽ.
4) പുതിയ സംസ്കരണ, വിപണന യൂണിറ്റുകളുടെ രൂപീകരണം.
5) നൂതന സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും ഊന്നൽ നൽകൽ.
6) ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.
7) മിനി വ്യവസായ എസ്റ്റേറ്റുകളുടെ രൂപീകരണം.

## സേവനമേഖല

**ആരോഗ്യം, ശുചിത്വം, മാലിന്യം**

ആരോഗ്യമുള്ള ഒരു ജനത നാടിന്റെ സമ്പത്താണ്. മാനവ വിഭവശേഷിയുടെ സമ്പൂർണ്ണമായ പ്രയോജനപ്പെടു ത്തുന്നതിന് ആരോഗ്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആരോഗ്യ രംഗത്ത് വികസിത നാടുകളുടേതിന് കിടപിടിക്കാവുന്ന നേട്ടങ്ങൾ 13-ാം പദ്ധതികാലത്ത് നമുക്ക് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മെഡിക്കൽ സിറ്റി എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ നഗരത്തിലെ പൊതു ആരോഗ്യ സംവിധാനത്തെക്കാൾ ശക്തമാണ് സ്വകാര്യ മേഖലയിലെ ആരോഗ്യ സംവിധാനം. അതുകൊണ്ടുതന്നെ ആരോഗ്യരംഗത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്വകാര്യ ആരോഗ്യ മേഖലയുടെ സാധ്യതകൂടി ഉപയോഗ പ്പെടുത്തണം.

നഗരവൽക്കരണ ജീവിതശൈലിയിലെ മാറ്റങ്ങൾക്കനുസരിച്ച് മാലിന്യത്തിന്റെ അളവിലും, സ്വഭാവത്തിലും വൻ മാറ്റങ്ങൾ വന്നിട്ടുണ്ട്. മാറുന്ന ഭക്ഷണ ശീലങ്ങൾ ഉപയോഗിക്കുന്ന കൈ കാര്യം ചെയ്യുന്ന രീതി, പോളിത്തീൻ കവറുകളുടെ ആധിക്യം എന്നിവയെല്ലാം ജൈവ അജൈവ മാലിന്യങ്ങളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്. എത്ര അളവിൻ മാലിന്യം ഉൽപാദിപ്പിച്ചാലും അതെല്ലാം പുത്തൻ സാങ്കേതിക വിദ്യകൾ കൊണ്ട് പരിഹരിച്ചു കളയാം എന്ന തെറ്റായ ധാരണ നമുക്കിടയിലുണ്ട്. നഗരമാലിന്യ മാനേജ്മെന്റിന് അനുയോജ്യമായ സാങ്കേതികവും, നൂതനവുമായ യന്ത്ര സാമഗ്രികൾ സമന്വയിപ്പിച്ച് ബോധപൂർവ്വമായ ഇടപെടലിലൂടെ മാലിന്യത്തിന്റെ അളവും, താരവും കൈകാര്യം ചെയ്യാവുന്ന പരിധിക്ക് അകന്ന് നിറുത്തുക എന്നതാണ് പരമ പ്രാധാന്യമായ ലക്ഷ്യം.

**സാന്ത്വനം, പാലിയേറ്റീവ്, വയോജന പദ്ധതികൾ**

കഴിഞ്ഞ പദ്ധതിക്കാലത്ത് സാന്ത്വന, പാലിയേറ്റീവ്, വയോജന രംഗത്ത് ആരോഗ്യത്തിനും, മറ്റു അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് വിപുലമായ പദ്ധതികൾ നഗരസഭ ഇതിനോടകം തന്നെ നടപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ സമൂഹത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട വരാണ് ഭിന്നശേഷിക്കാർ. 13-ാം പദ്ധതിക്കാലത്ത് ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിന് പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികളുടെ അവസ്ഥ നേരത്തെ കണ്ടെത്താനും അതിനാവശ്യമായ സംവിധാനം ഒരുക്കാനും പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

മേഖലാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് തുടർ പഠനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരി ക്കേണ്ടതുണ്ട്. കിടപ്പിലായ രോഗികളുടെയും, വയോജന ക്ഷേമത്തിന് ഉതകുന്നതും ആയ പദ്ധതി കൾക്ക് രൂപം നൽകേണ്ടതുണ്ട്. വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതികൾക്ക് രൂപംനൽകണം.

**പരിഹാര മാർഗ്ഗങ്ങൾ**

1) മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിന് വാർഡ്/മേഖലാ തലങ്ങളിൽ എം.എഫ്.സി ഷെഡുകൾ നിർമ്മിക്കണം.

2) സെപ്റ്റിക് മാലിന്യം/ദ്രവമാലിന്യം/......എന്നിവയുടെ സംസ്കരണത്തിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുക.

3) ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

4) ബയോമെഡിക്കൽ, ഹസാർട്സ് മാലിന്യങ്ങൾകുറക്കുന്നതിന് ബോധവൽക്കരണ പദ്ധതി നടപ്പാക്കുക.

5) മേലാ തലങ്ങളിൽ വയോജനങ്ങൾക്ക് പകൽ വീടുകൾ, മറ്റു വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.

6) ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ചു വീൽചെയറുകൾ ലഭ്യമാക്കൽ

7) ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം സംഘടിപ്പിക്കുക.

8) ഭിന്നശേഷിക്കാർക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകുക.

9) മുതിർന്നവരുടെ പരിചരണത്തിന് സന്നദ്ധ സംഘടനകൾക്ക് പരിശീലനം.

## വിദ്യാഭ്യാസം

ആധുനിക കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ നടുനായകത്വം വഹിച്ചുകൊണ്ടും ആകെതന്നെ പുതിയൊരു മാനവികതയുടെ സന്ദേശം വിളംബരം ചെയ്ത കമ്മ്യൂണിസ്റ്റ് ആചാര്യനും, ഐക്യ കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയുമായ ഇ.എം.എസിന്റെയും, കലാ- സാംസ്കാരിക നായകൻമാരായ ഭക്ത കവി പൂന്താനം, എഴുത്തുകാരൻ നന്ദനാർ, വിപ്ലവ സാഹിത്യ കാരൻ ചെറുകാട്, സ്വതന്ത്രസമര സേനാനി എം.പി.ഗോവിന്ദമേനോൻ എന്നിവരുടെ കർമ്മ-പഠന ഭൂമി എന്ന നിലക്ക് തന്നെ പെരിന്തൽമണ്ണയുടെ വിദ്യാഭ്യാസ രംഗം പൂരിതമാണ്. 12,13 പദ്ധതികാലത്ത് നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റു തൽ സ്ഥാപനങ്ങളെ അപേക്ഷിച്ച് മികവിന്റെ കേന്ദ്രങ്ങൾ ആക്കാൻ കഴിഞ്ഞു എന്നത് കഴിഞ്ഞ പദ്ധതിക്കാലത്തെ നേട്ടമായി കാണുന്നു. നഗരത്തിലെ ഹയർസെക്കൻഡറി സ്കൂളുകൾ, വി.എച്ച്.എസ്.ഇ സ്കൂൾ, 2 ഹൈസ്കൂൾ, 1 എൽ.പി സ്കൂൾ എന്നിവ ചേർന്ന് രൂപം നൽകിയ ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ് തന്നെയാണ് നഗരത്തിലെ പ്രധാന വിദ്യാ കേന്ദ്രം.

നഗരസഭക്ക് കീഴിലുള്ള ഒൻപത് സർക്കാർ സ്കൂളുകളിലും, 11 അർദ്ധ സർക്കാർ സ്കൂളുകളിലും പൊതുവിദ്യാലയങ്ങളിലുണ്ടാക്കുന്ന അടിസ്ഥാന സൗകര്യങ്ങൾക്കപ്പുറം, ആധുനിക പഠന സാങ്കേതിക വിദ്യയുടെ സഹായത്തോടെള്ള പഠനമുറികളടക്കം വളരെ മെച്ചപ്പെട്ട വിദ്യാഭ്യാസ രീതിയാണ് നഗരപ്രദേശത്തിൽ ആകെയുള്ളത്. സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യത്തോടെ തുടർ സാക്ഷരതയുടെ നേതൃത്വത്തിൽ പഠന കേന്ദ്രങ്ങളും തുല്യതാ പഠനവും നടത്ത് വരുന്നത്.

സർക്കാർ സ്കൂളുകളിൽ ആവശ്യനുസരണം ക്ലാസ്മുറികളുടെയും, മറ്റു ഭൗതിക സൗകര്യങ്ങളും ഇപ്പോഴും പൂർണ്ണതയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

നഗരസഭക്കുള്ളിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ വേണ്ടത്ര ലാബ് സൗകര്യങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ എന്നിവ കുറച്ചുകൂടി വികസിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

സയൻസ്, ഗണിത, ഭാഷാ ലാബുകൾ സ്കൂളുകളിൽ പ്രത്യേകമായി ആരംഭിക്കണം.

ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുക.

പഠനനിലവാരം ഉയർത്തുന്നതിന് കരിയർ, സക്സസ് ക്ലിനിക്കുകൾ ആരംഭിക്കൽ.

വിദ്യാലയങ്ങളിൽ ശുചിത്വ പച്ചക്കറി തോട്ടം പ്രോത്സാഹിപ്പിക്കൽ

## കലാ– കായികം, സംസ്കാരം

കലാ-കായികവും, സാംസ്കാരികവുമായി നഗരസഭ എന്നും മുൻപന്തിയിലാണ്. ഒട്ടനവധി കായിക താരങ്ങൾക്കും, സാംസ്കാരിക നവോത്ഥാന നായകൻമാർക്കും ജന്മം നൽകിയ നാടാണ് നമ്മുടേത്. എന്നിരുന്നാലും കലാ-കായിക പരിശീലനത്തിൽ ഒട്ടനവധി പരിമിതികൾ നഗരസഭ അഭിമുഖീകരിക്കുന്നുണ്ട്. കഴിഞ്ഞ പദ്ധതിക്കാലത്ത് കലാ-കായിക സാംസ്കാരിക രംഗത്തെ ക്ലബ്ബുകൾക്കും, വായനശാലകൾക്കും, സൊസൈറ്റികൾക്കും കൂടുതൽ പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

വാർഡ് തലങ്ങളിൽ കളി സ്ഥലങ്ങളുടെ അപര്യാപ്തത ഒരു മുഖ്യപ്രശ്നമാണ്. മേഖലാ തലങ്ങളിലെങ്കിലും കായിക പരിപോക്ഷണത്തിന് മുൻതൂക്കം നൽകുന്ന പദ്ധതികൾ ഈ പദ്ധതിക്കാലത്ത് ആസൂത്രണം ചെയ്യേണ്ടതുണ്ട്.

കോവിഡ് കാലത്ത് നിലച്ച്പോയ കായികവും, മാനസികോല്ലാസവുമായ പദ്ധതികൾ പുനരുജ്ജീവിപ്പിച്ച് കലാകായിക മേഖലക്ക് നവോന്മേഷം നൽകണം.

കേരളോത്സവം വിപുലമായി നടത്തപ്പെടുന്നുണ്ടെങ്കിലും കൂടുതൽ കായിക താരങ്ങളെ ആകർഷിക്കുന്ന തരത്തിൽ വാർഡ് തല ക്ലബ്ബുകളും, വായനശാലകളും ആധുനിക രീതിക്കനു സരിച്ച് ഡിജിറ്റലൈസ് ചെയ്യണം.

## സാമൂഹിക ക്ഷേമം

സാമൂഹികവും, സാമ്പത്തികവുമായ നിരവധി കാരണങ്ങളാൽ വികസിത ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റപ്പെട്ടുപോയ വ്യക്തികളും, ഗ്രൂപ്പുകളും പ്രത്യേക പരിഗണനയർ ഹിക്കുന്നു. സമൂഹത്തിന്റെ പൊതുവായ പുരോഗതിയുടെ വേഗതയും, അളവും, ഗുണവും സ്ഥായിയായി നിലനിർത്താൻ ഈ വിഭാഗങ്ങളെ കാര്യമായിതന്നെ സഹായിച്ചേ പറ്റൂ. 13-ാം പദ്ധതി കാലത്ത് നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നു എങ്കിൽ പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വയോജന ക്ഷേമം, ഭിന്നശേഷിക്കാർ, അസംഘടിത മേഖലയിലു ള്ളവർ, സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെന്റേഴ്സ് തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ശാക്തീകരണം നൽകുന്നതിന് കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് 14-ാം പദ്ധതിക്കാലത്ത് നടപ്പാക്കണം.

## അങ്കണവാടികൾ

പൊതു ആരോഗ്യ പരിപാലനത്തിന്റെ ഭാഗമാണ് അങ്കണവാടികൾ, നവജാത ശിശുക്കളുടെ ആരോഗ്യ നിരീക്ഷണം, പ്രി സ്കൂൾ വിദ്യാഭ്യാസം, പോഷണങ്ങൾ അടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം തുടങ്ങിയ അങ്കണവാടികളിലൂടെ ക്രിയാത്മകമായി നടപ്പാക്കുന്നുണ്ട്. നഗരസഭയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ മികവുറ്റ രീതിയിൽ ആധുനിക ഭൗതിക സാഹചര്യങ്ങളോടെ നിർമ്മിക്കുക എന്നത് നഗരസഭ 14-ാം പദ്ധതിക്കാലത്ത് ലക്ഷ്യം വെക്കുന്നുണ്ട്. അതോടൊപ്പം നിലവിൽ മികച്ച സാഹചര്യത്തോടെ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഹൈടെക് ആക്കുന്ന പ്രക്രിയയും ഈ പദ്ധതിക്കാലത്ത് നടപ്പാക്കും. അങ്കണവാടി കുട്ടികൾക്കാവശ്യമായ ശിശു സൗഹൃദ ഇരിപ്പിടങ്ങൾ, ടോയ്‌ലറ്റുകൾ, കുടിവെള്ളം, മറ്റു ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവ ഈ പദ്ധതിക്കാലത്ത് നടപ്പാക്കും. കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക ശാക്തീകരണം ലക്ഷ്യം വെച്ചും അവരുടെ ആരോഗ്യ പരിപോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'സബല' കിഷോരി ശക്തിയോജന (ഗടഥ) എന്നീ പദ്ധതികൾ മുഴുവൻ അങ്കണവാടികളിലും ഈ 14-ാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ ശ്രമിക്കും.

## കുടിവെള്ളം

ധാരാളം മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ വേനലിന്റെ ആരംഭത്തോടെ കുടിനീർ ക്ഷാമം അനുഭവപ്പെട്ടു തുടങ്ങുന്ന ഒരു സ്ഥിതി വിശേഷം നഗരസഭയിൽ ചിലയിടങ്ങളിൽ നിലനിൽക്കുന്നുണ്ട്. ജനങ്ങളുടെ ശീലങ്ങളും, നഗരാസൂത്രണത്തിലെ പരിമിതികളും കാരണം കുടിനീർ ലഭ്യത ഒരു വലിയ പ്രശ്നമായിതന്നെ നിലനിൽക്കുന്നു. അനുദിനം വർദ്ധിച്ചുവരുന്ന കുടിവെള്ള ആവശ്യം നിറവേറ്റാൻ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് ഭാഗികമായേ കഴിയുന്നുള്ളൂ. നഗരത്തിലെ ശുദ്ധജല സ്രോതസ്സുകളായിരുന്നു പല കുളങ്ങളും ഇന്ന് തൂർക്കപ്പെട്ടു കയോ, അശ്രദ്ധമൂലം മലിനപ്പെട്ടു പോകുകയോ ചെയ്തിട്ടുണ്ട്. നഗരത്തിലെ പകുതിയോളം ജനങ്ങളും സ്വന്തം കിണറുകളെയും, പൊതു ജലവിതരണം ശൃംഖലയേയും ആശ്രയച്ചു വരുന്നുണ്ട്.

13-ാം പദ്ധതിക്കാലത്ത് തുടക്കം കുറിച്ച് അലിഘഢ് രാമചാടി ശുദ്ധജല പദ്ധതി മുഴുവനായി നടപ്പാക്കുന്നതോടെ നഗരത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം ആകും എന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം തനത് കുളങ്ങളും, ശുദ്ധജല സ്രോതസ്സുകളും നവീകരിച്ച് ഈ പദ്ധതിക്കാലത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കും.

## പ്രവാസി ക്ഷേമം

കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സംഭാവനകൾ നൽകുന്ന ജനവിഭാഗമാണ് പ്രവാസികൾ.

കേരളത്തിലെ സമസ്ത മേഖലകളുടെയും പുരോഗതിക്ക് വലിയ പിന്തുണയാണ് പ്രവാസി മേഖലയിൽ നിന്നും ലഭിക്കുന്നത്. കേരളത്തിന്റെയും നമ്മുടെ നഗരത്തിന്റെയും ജീവിത നിലവാരം ഉയർന്ന നിലയിൽ കൊണ്ടുപോകുന്നതിന് പ്രധാന പങ്കാണ് പ്രവാസികൾ വഹിക്കുന്നത്. നമ്മുടെ നാട് പ്രളയമുൾപ്പെടെയുള്ള ദുരന്തം നേരിട്ട ഘടകങ്ങളിലെല്ലാം പിറന്ന നാടിനെ കൈപ്പിടിച്ചുയർത്താൻ

പ്രവാസികൾ നൽകിയ സഹായങ്ങൾ ആർക്കും വിസ്മരിക്കാനാവില്ല. കോവിഡ് കാലം മറ്റ് എല്ലാ മേഖലയിലും എന്നെപോലെ പ്രവാസികൾക്കും വലിയ ദുരിതമാണ് സംഭാവന ചെയ്തത്. പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാവണം. ദീർഘകാല വികസന നയ സമീപനം പ്രവാസികളുടെ പങ്കാളിത്തത്തോടെ നഗരസഭയിൽ നടപ്പാക്കണം. പ്രവാസി ക്ഷേമത്തിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കണം. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികൾക്ക് പുനരധിവാസ പാക്കേജ് നടപ്പാക്കണം. കാർഷികമേഖലയിൽ പ്രവാസി കൂട്ടായ്മ പ്രോത്സാഹിപ്പിക്കണം.

## വയോജന ക്ഷേമം

വയോജനങ്ങൾ അമൂല്യമായ അനുഭവ സമ്പത്തുള്ള സമൂഹമാണ്. ചരിത്ര സ്മൃതികളുടെ കലവറയാണ്. വയോജന സംരക്ഷണം സമൂഹത്തിന്റെ കടമയാണ് മുതിർന്ന പൗരൻമാരുടെ എണ്ണത്തിൽ കഴിഞ്ഞ 10-15 വർഷത്തിനിടയിൽ ക്രമാതീതമായ വർദ്ധനവാണ് കാണപ്പെടുന്നത്. കേരളത്തിന്റെ ജനസംഖ്യയുടെ ഏതാണ്ട് 12.6% ആണ് വയോജനങ്ങളുടെ എണ്ണമെന്ന് കണക്കാക്കപ്പെടുന്നു. വൃദ്ധജനങ്ങളെ വൃദ്ധസദനത്തിലേക്ക് അയക്കുന്ന സംസ്കാരം കേരള ത്തിൽ വളരെ വേഗത്തിൽ വികസിക്കുകയാണ്. നഗരസഭയിൽ വയോജന ക്ഷേമത്തിനു വേണ്ടി ഇതിനോടകം തന്നെ ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിയിട്ടുണ്ട്. നഗരസഭയിൽ  മേഖലകൾ തിരിച്ച് പകൽവീടുകൾ ആസൂത്രണം ചെയ്യണം. വയോജനങ്ങളുടെ ക്ഷേമത്തിനും- മാനസികോല്ലാസങ്ങൾക്കും സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കണം. മുതിർന്നവരുടെ പരിചരണത്തിന് സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകണം. സൗജന്യ നിയമ സഹായവും കലാ-കായിക-വിനോദ പരിപാടികൾ മേഖലാ തലത്തിൽ സംഘടിപ്പിക്കണം. പാലിയേറ്റീവ് ഹോം കെയർ മെച്ചപ്പെടുത്തണം. ഒറ്റപ്പെടലുകളും പീഡനങ്ങളും അനുഭവിക്കുന്നവർക്ക് സാമൂഹ്യമായ പുനരധിവാസം നടപ്പാക്കണം. കാഴ്ച, കേൾവി നടത്ത ഉപകരണങ്ങൾ നൽകണം.

## വനിതാ ക്ഷേമം

സാക്ഷരതയും, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും നൽകിയ ഉണർവ് കേരള സമൂഹ ത്തിലെ സ്ത്രീകളുടെ പദവി ഉയർത്തിയിട്ടുണ്ട്. കുടുംബശ്രീ സംവിധാനം നഗരസഭയിലുടനീളം കുറ്റമറ്റ രീതിയിൽ നടക്കുന്നതിനാൽ സ്ത്രീകളുടെ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. വനിതകളുടെ ആരോഗ്യ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടുന്ന തരത്തിൽ വനിത ഘടക പദ്ധതികൾക്ക് രൂപം നൽകണം. വനിതാ മേഖലയുമായി ഏറ്റവും ബന്ധപ്പെട്ട ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തന ങ്ങളുമായി ഏകോപിപ്പിച്ച് പദ്ധതിക്ക് രൂപം നൽകണം. കുടുംബശ്രീ ആക്ഷൻ പ്ലാൻ തയ്യാറാക്കു മ്പോൾ വനിതാ ക്ഷേമം മുൻനിർത്തിയുള്ള ആശയങ്ങൾ മുന്നോട്ട് വെക്കണം. വികസന പ്രക്രിയയിൽ വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കണം. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സ്വയം തൊഴിലുകൾക്കും, ചെറുകിട വ്യവസായ വനിതാ യൂണിറ്റുകൾക്കും പരമാവധി പ്രോത്സാ ഹനം നൽകണം.

## പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. അന്തസ്സിന്റെയും ആർഭാടത്തിന്റെയും, പ്രൗഢിയുടെയും പ്രതീകമായി പാർപ്പിടങ്ങൾ മാറികൊണ്ടി രിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. 13-ാം പദ്ധതിക്കാലത്ത് പാർപ്പിട മേഖലയിൽ വൻ കുതിച്ചുച്ചാട്ടം ഉണ്ടാക്കാൻ നമ്മുടെ നഗരസഭക്കായിട്ടുണ്ട്. ലിങ്കരയിൽ ലൈഫ് ഫ്ളാറ്റ് സമുച്ചയം യാഥാർത്ഥ്യമായതോടെ സ്ഥലവും, വീടും ഇല്ലാത്തവരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. വാസയോഗ്യമല്ലാത്ത വീടുകൾ, ദുർബലമായ വീടുകൾ എന്നിവയുടെ കണക്കെടുത്ത് പാർപ്പിട പ്രശ്നത്തിന് ലൈഫ് പദ്ധതിയിലൂടെ സമ്പൂർണ്ണ പരിഹാരം കണ്ടെത്താൻ കഴിയണം. എസ്.സി കോളനികളിലെ മുഴുവൻ വീടുകളും നവീകരിക്കുകയോ പുതുക്കി പണിയുകയോ ചെയ്തിട്ടുണ്ട്. ഭൂരഹിത-ഭവന രഹിതരെ കണ്ടെത്തി മുഴുവൻ ആളുകൾക്കും പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കണം. അസംസ്കൃത സാധനങ്ങ ളുടെ അമിതമായ വിലക്കയറ്റം താങ്ങുന്നതിനായി അസംസ്കൃത സാധനങ്ങൾ സഹകരണ സംഘങ്ങൾ വഴി നിർമ്മിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്ന പദ്ധതി നടപ്പാക്കണം. സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകി വളർത്തി എടുക്കണം.

### പശ്ചാത്തല മേഖലകൾ

## ഊർജ്ജം

ഒരു പ്രദേശത്തിന്റെ വളർച്ചയുടേയും വികസനത്തിന്റെയും പ്രധാന കണ്ണിയാണ് ഊർജ്ജം. ആധുനിക ലോകത്ത് വികസനത്തിന്റെ സൂചികയാണ് ഊർജ്ജോപഭോഗം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മതിയായ അളവിൽ ഊർജ്ജം ലഭ്യമാക്കേണ്ടതുണ്ട്. നിത്യജീവിതത്തിൽ ആഹാരം പാചകം ചെയ്യുന്നത് മുതൽ ആധുനിക വാർത്താവിനിമയ രംഗത്തിൽ വരെ ഊർജ്ജം ഉപയോഗിക്കപ്പെടുന്നു. ഊർജ്ജത്തിന്റെ ഉപഭോഗം പുരോഗതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ പരിഗണിക്കേണ്ട ഒരു പ്രധാന ഘടകം ആവശ്യക്കാർക്കെല്ലാം ആവശ്യമായ അളവിലും ഗുണത്തിലും തടസ്സം കൂടാതെ കുറഞ്ഞ വിലക്ക് ഊർജ്ജം ഊർജ്ജം ലഭിക്കാനുള്ള ഉപാധികൾ ഒരുക്കുക എന്നതാണ്. കഴിഞ്ഞ 13-ാം പദ്ധതിക്കാലത്ത് നഗരസഭയിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ കുറവ് ഇന്നും നഗരത്തിലെ ഉൾപ്രദേശങ്ങളിൽ അനുഭവപ്പെടുന്നുണ്ടത്രെ. നഗരസഭയിൽ വിപുലമായ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കണം. സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഇല്ലാത്തതിനാൽ ഉപയോഗിക്കാത്ത ഊർജ്ജത്തിനും നഗരസഭ പണം നൽകുന്നുണ്ട്. ഇതിന് പരിഹാരം ഉണ്ടാവണം. തെരുവ് വിളക്കുകൾക്ക് പ്രത്യേക ലൈൻ വലിച്ച് മീറ്റർ സ്ഥാപിച്ച് വൈദ്യുത ബിൽ നിയന്ത്രിക്കണം. സ്ട്രീറ്റ് ലൈറ്റ് ലൈനില്ലാത്ത ചുരുക്കം ചില പ്രദേശങ്ങളിൽ ഇപ്പോഴും നഗരസഭയിൽ ഉണ്ട്. അവിടങ്ങളിലേക്ക് പുതുതായി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം. മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും എൽ.ഇ.ഡി സംവിധാനത്തിലേക്ക് അടിയന്തിരമായി മാറ്റണം. വോൾട്ടേജ് ക്ഷാമം നേരിടുന്ന നഗരസഭ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

## ഗതാഗതം

മലപ്പുറം ജില്ലയിലെ പുരാതന പട്ടണങ്ങളിൽ ഒന്നാണ് പെരിന്തൽമണ്ണ. അതുകൊണ്ട് തന്നെ ഗതാഗത സൗകര്യങ്ങൾക്കും ചരിത്രപരമായ പ്രാധാന്യമാണുള്ളത്. പെരിന്തൽമണ്ണ നഗരത്തിന്റെ വളർച്ച നഗരസഭക്കുള്ളിലെ പ്രാന്ത പ്രദേശങ്ങളിലെ ഗ്രാമങ്ങളെയും വളരെയധികം സ്വാധീനിച്ചി ട്ടുണ്ട്. നഗരസഭക്കകത്തെ മിക്ക റോഡുകളും നല്ല നിലവാരം പുലർത്തുന്നുണ്ട്. അലിഘഢ്- രാമൻചാടി കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ ഭാഗമായി നഗരസഭക്കകത്തെ ചെറിയ റോഡുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി അറ്റകുറ്റപ്പണി ചെയ്യേണ്ടതുണ്ട്. ചില വാർഡുകളിലെ പോക്കറ്റ് റോഡുകളിൽ കാണപ്പെടുന്ന വെള്ളക്കെട്ടുകൾ നികത്തി റോഡുകളുടെ അറ്റകുറ്റപണികളും, ഡ്രൈനേജ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടപ്പാ ക്കണം.

## കെട്ടിടങ്ങൾ

13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കിയ രജത ജൂബിലി മിഷൻ പദ്ധതികൾ തനത് ആസ്തികളുടെ വളർച്ചയിൽ അദ്ഭുതപൂർവ്വമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നഗരസഭക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളും,

വകുപ്പുകളുടെ കെട്ടിടങ്ങളും മികവുറ്റ രീതിയിൽ കൊണ്ടുപോകുന്നതിലും മെയിന്റനൻസ് ചെയ്യുന്നതിനും 14-ാം പഞ്ചവത്സര പദ്ധതിക്കാലത്തും പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്യും. നിലവിൽ പണി പൂർത്തീകരിക്കാനുള്ള ടൗൺഹാൾ, ആയുർവ്വേദ ആശുപത്രി, മാർക്കറ്റിന്റെ ബാക്കി ഭാഗങ്ങൾ എന്നിവ മുൻഗണനാടിസ്ഥാനത്തിലും, ദ്രുതഗതിയിലും പണി പൂർത്തിയാക്കാൻ ഈ പദ്ധതിക്കാലത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കും. നഗരസഭക്ക് കൈമാറിയിട്ട സ്ഥാപനങ്ങൾ കൂടുതൽ ആകർഷകവും പൊതുജനങ്ങൾക്ക് സൗഹൃദവുമാക്കി മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും.

## പട്ടികജാതി ക്ഷേമം

മഹാത്മാഗാന്ധി, ഡോ.ബി.ആർ. അംബേദ്കർ, അയ്യങ്കാളി, ഇ.എം.എസ് തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ സമൂഹത്തിൽ കാലങ്ങളായി നിലനിന്നിരുന്ന ഉച്ച നീചത്വങ്ങളുടെ ദുരിതവും, ദുരന്തവും അനുഭവിക്കേണ്ടിവന്ന പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഇന്ന് ജനസമൂഹത്തിന്റെ ഒരു പ്രധാന കണ്ണിയായി മാറികഴിഞ്ഞു. വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ ഇന്ന് കുറേയേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗങ്ങൾ ക്കായെങ്കിലും പ്രതീക്ഷിത ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. 13-ാം പദ്ധതിക്കാലത്തിന്റെ അവസാന രണ്ടു വാർഷിക പദ്ധതിയിൽ പട്ടികജാതി കോളനികളുടെ നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നഗരസഭ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒട്ടുമിക്ക കോളനികളിലെയും വീടുകൾ നല്ല നിലവാരം പുലർത്തുന്ന രീതിയി ലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതി നുവേണ്ടി സമഗ്രമായ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്റ്റുകൾക്ക് ഈ പദ്ധതിക്കാലത്ത് രൂപം നൽകും. കോളനികളിൽ കുടിവെള്ളം, സൗരോർജ്ജ വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കും. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഷുവർ വിദ്യാഭ്യാസ പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പദ്ധതിക്ക് രൂപം നൽകും.

## അദ്ധ്യായം – 4

# വികസന കാഴ്ച്ചപ്പാട്,ലക്ഷ്യങ്ങൾ,തന്ത്രം

### 1. കൃഷി വികസനം, മണ്ണ് – ജലസംരക്ഷണം

നഗരസഭയിൽ നെൽകൃഷി, പച്ചക്കറി കൃഷി, വാഴ-കിഴങ്ങ് കൃഷി എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രൊജക്റ്റുകൾ ആണ് ആവിഷ്ക്കരിക്കുന്നത്. തിരശു നിലത്തിന്റെ അളവ് കുറച്ചുകൊണ്ടുവരികയാണ് ഇതു സംബന്ധിച്ച കാഴ്ച്ചപ്പാട്. ഗാർഹിക മാലിന്യ സംസ്കരണം വഴി പുരയിടങ്ങളിലും മട്ടുപ്പാവിലും നടത്താൻ കഴിയുന്ന പച്ചക്കറിയിൽ 50% കുടുംബങ്ങൾക്കെങ്കിലും സ്വയം പര്യാപ്തത കൈവരിക്കുകയെന്നതാണ് മറ്റൊരു കാഴ്ചപ്പാട്. തോടുകളുടെ സംരക്ഷണം, കുള സംരക്ഷണം എന്നിവയിലൂടെ കൃഷിമേഖല നേരിടുന്ന വെള്ളത്തിന്റെ കുറവ് പരിഹരിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

നഗരസഭയിലെ 150 ഹെക്ടർ സ്ഥലത്തേക്ക് പുതുതായി നെൽകൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശ്യം. നിലവിലുള്ള 25 ടൺ പച്ചക്കറി കൃഷി 50 ടൺ പച്ചക്കറിയിലേക്കെത്തിക്കുകയാണ് ലക്ഷ്യം. തരിശായി കിടക്കുന്ന 265 ഹെക്ടർ ഭൂമിയിൽ നെൽകൃഷിയും പച്ചക്കറി-വാഴ, മരച്ചീനി കൃഷിയും വ്യാപിപ്പാക്കാനാവശ്യമായ പ്രോത്സാഹനം നൽകും. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം ശാസ്ത്രീയമായ പ്രവർത്തന ങ്ങളിലൂടെ 8 ടൺ ജൈവ വളം ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും വഴി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. തെങ്ങുകൃഷി പ്രോത്സാഹനത്തിലൂടെ നഗസഭയിലെ നാളികേര ഉൽപ്പാദനം പ്രതിവർഷം 3 ലക്ഷത്തിൽ നിന്ന് 5 ലക്ഷത്തിലേക്ക് എത്തിക്കാനുള്ള പ്രൊജക്ട് പ്രാവർത്തികമാകാൻ ശ്രമിക്കും. മണ്ണ് പരിശോധന അടുത്തുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളെ കൂടി ഉപയോഗപ്പെടുത്തി സാർവ്വത്രികമാക്കാൻ ശ്രമിക്കും.

കാർഷിക വൃദ്ധിയോടെ ആഭിമുഖ്യം വർദ്ധിപ്പിക്കാൻ റസിഡൻസ് അസോസിയേഷ നുകളുടെ രൂപീകരണവും പ്രവർത്തനവും സഹായകമാകും. സബ്സിഡി നിരക്കിൽ പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ജൈവവഴം എന്നിവ നൽകി പച്ചക്കറി കൃഷിയെ പ്രോത്സാ ഹിപ്പിക്കും. നെൽകൃഷി സബ്സിഡിയിലൂടെ ലക്ഷ്യം വെക്കുന്ന നെല്ലുൽപാദനം യാഥാർത്ഥ്യമാ ക്കാൻ കഴിയും. കുടുംബശ്രീ അയൽകൂട്ടങ്ങളുടെ പ്രവർത്തനം കാർഷിക രംഗത്ത് ലക്ഷ്യപ്രാ പ്തിക്കുള്ള മറ്റൊരു ഉപാധിയാണ്. വിദ്യാർത്ഥികളിലും യുവാക്കളിലും കാർഷികവൃദ്ധിയോട് ആഭിമുഖ്യമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയങ്ങളിലും വായനശാല-ക്ലബ്ബുകളിലും ബോധവൽക്കരണ പ്രായോഗിക പരിശീലനങ്ങൾ നടത്തും. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ ശ്രമിക്കും.

### 2. ശുചിത്വ – മാലിന്യ സംസ്കരണം

നിലവിൽ നഗരസഭയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതി കൂടുതൽ ശാസ്ത്രീയവും പ്രായോഗികവും ആക്കുക വഴി നഗരസഭയിലെ ഖരമാലിന്യത്തിന്റെ അളവ് കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ 60% വീടുകളിൽ നിന്നാണ് പ്ലാസ്റ്റിക്-മറ്റു ഖരമാലിന്യങ്ങൾ ശേഖരിക്കുന്നത്. ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും മെച്ചപ്പെട്ട പരിശീലനങ്ങൾ നൽകിയും ഖരമാലിന്യ

ശേഖരണവും സംസ്കരണവും മെച്ചപ്പെടുത്തും. വീടുകളിലെ ജൈവ മാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിലാക്കുന്നതിനു വേണ്ടിയുള്ള പിരശീലനം വാർഡ് തലത്തിൽ റസിഡൻസ് അസോസിയേഷനുകൾ വഴി നടപ്പാക്കും. ദ്രവമാലിന്യ സംസ്കരണത്തന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ വേണ്ടിയുള്ള അന്വേഷണങ്ങൾ പദ്ധതി കാലത്ത് നടത്തും. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്യാസ് ക്രമറ്റോറിയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഇതരമാർഗ്ഗങ്ങൾ അവലംബിക്കുന്ന വരെക്കൂടി ഗ്യാസ് ക്രമറ്റോറിയത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കും. സഹകരണ - സ്വകാര്യ സംരംഭകരുമായി സഹകരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സഹായത്തോടെ നഗസഭയിൽ നിലവിലെ ഖരമാലിന്യ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തോടനുബന്ധിച്ച് ശാസ്ത്രീയ അറവുശാല പണിയുന്നതിനാവശ്യമായ നടപടികൾ ആരംഭക്കും. സമീപ പഞ്ചായത്തുകളെക്കൂടി ഭാഗമാക്കി ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വഴിയോര വിശ്രമകേന്ദ്രം 'ടേക് എ ബ്രേക്ക്' പദ്ധതിക്കു കീഴിൽ നഗരസഭയിൽ പൊതു ശൗചാലയങ്ങൾ സ്ഥാപിക്കും. നിലവിലുള്ള കൂടുതൽ കാര്യക്ഷമമാക്കും. മാലിന്യ സംസ്കരണ രംഗത്ത് സ്റ്റാർട്ടഅപ്പ് സംരംഭങ്ങൾക്കുവേണ്ടിയുള്ള അന്വേഷണങ്ങളും പ്രവർത്തനങ്ങളും നടത്തും. മാലിന്യ സംസ്കരണം, മാലിന്യ വിവര

ശേഖരണം എന്നിവ നാട സംവിധാനത്തിലൂടെ സ്മാർട്ട് ഗർവേജ് മെണിറ്ററിംഗ് സംവിധാനം - ഹരിതമിത്രം ആപ്പ് - പ്രവർത്തന ക്ഷമമാക്കും.

ഖര-ദ്രവ മാലിന്യങ്ങളുടെ അളവ് കുറച്ചുകൊണ്ടു വരുന്നതിനായി നിശ്ചിത വീടുകളെ കണക്കാക്കി വാർഡുകളിൽ റസിഡൻസ് അസോസിയേഷനുകൾ രൂപീകരിച്ച് പരിശീലനം നൽകും. നഗരസഭയിലെ തോടുകളിലേയും കുളങ്ങളിലേയും ശുചിത്വം പിരപാലിക്കുന്നതി നുവേണ്ടി ഈ പ്രദേശത്തുള്ള വീടുകളെ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തും. വാർഡ്തല ആരോഗ്യശുചിത്വ സമിതികളെ കാര്യക്ഷമമാക്കുകയും റസിഡൻസ് അസോസിയേഷനുകളുമായി ബന്ധിപ്പിക്കുകയും ചെയ്യും ജി.ഐ.എസ് സംവിധാനത്തിലൂടെ ബഹുജന ക്യാമ്പയിനുകൾ സംഘടിപ്പിച്ച്. ജലസ്രോതസ്സുകളെ ശുചിത്വമുള്ളതാക്കാൻ ശ്രമിക്കും. നഗരസഭയിലെ ഹയർസെക്കന്ററി ബിരുദ വിദ്യാർത്ഥികളുടെ സന്നദ്ധ സംഘങ്ങളെ ഉപയോഗപ്പെടുത്തി ക്യാമ്പയിനുകളും ബോധവൽക്കരണവും നടത്തും.

## 3. മൃഗസംരക്ഷണ, ക്ഷീര വികസനം

നഗരസഭയയിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ............ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനും വളർത്തു മൃഗങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും മരുന്ന്, ഇൻഷുറൻസ് പരിരക്ഷ, തൊഴുത്ത് നവീകരണം എന്നീ പ്രൊജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിയണം.

കൂടുതൽ കുടുംബങ്ങളെ മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയിലേക്ക് ആകർഷിക്കേ ണ്ടതുണ്ട്. നടപ്പുപദ്ധതി വർഷം ഏറ്റവും ചുരുങ്ങിയത് 100 കുടുംബങ്ങളെ യെങ്കിലും ഈ ലക്ഷ്യത്തോടെ കാണേണ്ടതുണ്ട്. നിലവിൽ ക്ഷീരവികസനവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന കുടുംബങ്ങളുടെ വരുമാനം ഉയർത്താൻ നാട്ടിലുൽപാദി പ്പിക്കുന്ന പാലിന്റെ ഗുണമേന്മയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ഈ കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് നഗരസഭയിലെ വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഏകീകൃത രൂപത്തിൽ രൂപീകരിക്കുന്ന റസിഡൻസ് അസോസി യേ,നുകൾ വഴി മുഴുവൻ നഗരവാസികൾക്കും ബോധവൽക്കണരം നൽകും. വർദ്ധിത പാലുൽപ്പന്നങ്ങൾക്കു വേണ്ടിയുള്ള പരിശീലനം, വിൽപന ശാലകൾ എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് സംരംഭങ്ങൾ ആരംഭിക്കണം. കന്നുകുട്ടിവളർത്തൽ സംരഭങ്ങൾ പ്രവാസിയുവാക്കൾക്കും മറ്റു യുവാക്കൾക്കും വേണ്ടി പരിശീലനം നൽകി നടപ്പിലാക്കാൻ ശ്രമിക്കും.

## 4. ചെറുകിട വ്യവസായങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ, തൊഴിൽ പരിശീലനങ്ങൾ

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളെ ബന്ധപ്പെടുത്തി ലളിതമായ വൈദഗ്ദ്യത്താൽ ആരംഭിക്കാൻ കഴിയുന്ന സംരഭങ്ങളാരംഭിക്കുക. അവയ്ക്കാവശ്യമായ പരിശീലനങ്ങൾ നൽകുക. യൂണിറ്റുകൾക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ നഗരസഭയിലെ ബാങ്കിംഗ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാക്കുക. സ്റ്റാർട്ട്അപ്പ് സംരഭവുമായി കൂടുതൽ യുവാക്കളെ ബന്ധപ്പെടുത്താനാവശ്യായ നടപടികൾ ആരംഭിക്കുക.

കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി സേവനമേഖലയിൽ പുതിയ സംരംഭകത്വ സാധ്യതകൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനും ശ്രമിക്കും. ഗാർഹിക - കാർഷിക സേവനങ്ങൾ, പരിചരണം, ഭക്ഷണ വിതരണം എന്നീ മേഖലകളിലാണ് അന്വേഷണങ്ങൾ നടത്തേണ്ടത്. സബ്സിഡി മാർഗ്ഗ നിർദ്ദേശമനുസരിച്ച് വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് കുടുംബശ്രീ ഇതിനകം നടത്തിയിട്ടുള്ള സർവ്വേ റിപ്പോർട്ട് ഉപയോഗപ്പെടുത്താം. വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് നൈപുണ്യ പരിശീലനം നൽകി പ്രധാനമായും ഐ.ടി.മേഖലയുമായി ബന്ധപ്പെട്ട് വീട്ടമ്മമാരുടെ തൊഴിലിനും വരുമാനത്തിനും സാധ്യത കണ്ടെത്താൻ കഴിയും. ഒരു വർഷക്കാലത്തിനിടയിൽ ഇത്തരം 200 തൊഴിലവസരങ്ങളെങ്കിലും പുതുതായി കണ്ടെത്താൻ കഴിയും.

## 5. വിദ്യാഭ്യാസം

നഗരസഭയുടെ 'ഷുവർ' പദ്ധതിയാണ് നടപ്പാക്കുന്ന പ്രധാന വിഷൻ. വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ വിദ്യാകിരണം പരിപാടിയുമായി ബന്ധിപ്പിച്ചാണ് നടപ്പിലാക്കുക. നഗരസഭയിലെ സർക്കാർ സ്കൂളുകളായ ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സിലെ മൂന്ന് സ്കൂളുകളും മറ്റ് മൂന്ന് ഗവ.എൽ.പി സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ, ഫർണിച്ചർ, ലൈബ്രറി, ലാബ്, കുടിവെള്ളം, ടോയ്ലറ്റ്, പാചക കെട്ടിടം എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻഗണനാടി സ്ഥാനത്തിൽ നിർവ്വഹിക്കും. സമഗ്ര ശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗവും ഇതിലേക്കായി വിനിയോ ഗിക്കേണ്ടതുണ്ട്. പഠന നിലവാരം ഉയർത്താനും വിദ്യാർത്ഥികളുടെ സർഗ്ഗ ശേഷികൾ വികസിപ്പി ക്കാനും ഉതകുന്ന പ്രോജക്ടുകൾക്കാണ് പ്രാധാന്യം

നൽകേണ്ടക്. ഉച്ചഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തണം. ഇതിന് സന്നദ്ധ പ്രവർത്തക രുടെയും സംഘടനകളുടെയും സഹായം ഉപയോഗപ്പെടുത്തും. അയ്യങ്കാളി തൊഴലുറപ്പ് പദ്ധതിയെ ഇവയിൽ ബന്ധിപ്പിക്കാവുന്നവയുമായി ബന്ധിപ്പിക്കാൻ കഴിയും.

ഇതിന്റെ ഫലമായി നഗരസഭയിലെ സർക്കാർ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം വർദ്ധിപ്പിക്കാൻ കഴിയണം. പഠന നിലവാരത്തിൽ മുമ്പത്തെ സ്ഥിതിയിൽ നിന്ന് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയും. പട്ടികജാതി വിഭാഗം കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി പഠനമുറി, ലാപ്ടോപ്പ് വിതരണം, കോളനി കേന്ദ്രീകരിച്ച് സായാഹ്ന - അവധി ദിവസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ശ്രമിക്കും.പഠന വെല്ലുവിളി നേരിടുന്ന വർക്കും,പഠന രീതി ശാസ്ത്രീയമാക്കുന്നതിനും ഇമ്മേഴ്സീവ് ടെക്നോളജിയുടെ സഹായത്തോടെ ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ,മോഡൽ ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ ഓഗ് മെന്റഡ് റിയാലിറ്റി ലാബുകൾ ഈ പദ്ധതി വർഷം ആരംഭിക്കും. ദുരന്ത നിവാരണ പദ്ധതിയുമായി വിദ്യാർത്ഥികളെ ബന്ധിപ്പിക്കും. വിദ്യാർത്ഥികളിൽ പരിസര ശുചിത്വം, മാലന്യസംസ്കരണം, ജല സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ അവബോധമുണ്ടാക്കാൻ കഴിയണം. മറ്റു സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക വിഭവങ്ങൾ ഉൾപ്പെടുത്തി വായനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും.

## 6. ആരോഗ്യം

ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ ആർദ്രം മിഷനുമായി ബന്ധിപ്പിച്ചാണ് നടപ്പിലാ ക്കുക. നഗരസഭയുടെ സുരക്ഷാ പദ്ധതിയാണ് ഈ മേഖലയിലെ പ്രധാന വിഷൻ. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങളിൽ പുരോഗതിയുണ്ടാക്കും. ജീവിതശൈലി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും. ദേശീയ ആയുഷ് മിഷനിലൂടെ സ്ഥാപിക്കാൻ പോകുന്ന എച്ച്.,ഡബ്ല്യു.സി - ഹെൽത്ത് വെൽനസ് സെന്ററുകൾ - നഗരസഭയിലെ 3 കേന്ദ്രങ്ങളിൽ സ്ഥാപിക്കാനും സുഗമമായി നടത്താനും കഴിയണം. വയോജന ക്ഷേമം, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എന്നിവ മൂന്ന് ശാഖകളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കേണ്ടത്. വാതിൽപ്പടി സേവന പദ്ധതി,അതി ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനുകൂടി ഈ മേഖലയിൽ പ്രാമുഖ്യം നൽകേണ്ടതുണ്ട്. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ആരോഗ്യ മേഖലയിലെ പ്രോജക്റ്റുകളുമായി സംയോജിപ്പിക്കും.

## 7. സാമൂഹ്യ നീതി

നഗരസഭയിലെ സ്വന്തമായി കെട്ടിടമില്ലാത്ത 2 അങ്കണവാടികൾക്ക് അത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ തുടങ്ങിവെയ്ക്കും. സൗകര്യപ്രദമായ ഭൂമിലഭിക്കുന്നതിനും വിലനർണ്ണ യിക്കുന്നതിനും തുടർ നടപടികൾക്കും നടപ്പു പദ്ധതി വർഷം പ്രവർത്തനം നടത്തേണ്ടതുണ്ട്. അതോടെ നഗരസഭയിലെ 32 അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമെന്ന ലക്ഷ്യം സാക്ഷാൽ ക്കരിക്കാൻ കഴിയും.

നിലവിൽ 12 അങ്കണവാടികളാണ് മെച്ചപ്പെട്ട സൗകര്യങ്ങളോടെ ഹൈടെക് സംവിധാന ത്തിലേക്ക് എത്തിയിട്ടുള്ളത്. രണ്ടു അങ്കണവാടികളെ ഈ വർഷം ഈ സംവിധാനത്തിലേക്ക് എത്തിക്കാൻ ശ്രമിക്കും.

നഗരസഭയിലെ സൗകര്യ പ്രദമായ ഒന്നോ രണ്ടോ വായനശാലകൾ വയോ ക്ലബ്ബുകളാക്കി മാറ്റാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തും. ക്രമേണ എല്ലാ വായനശാലകളെയും വയോ ക്ലബ്ബുകളുമായി ബന്ധിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ പ്രദേശത്തും സന്നദ്ധ സംഘടനകളെയും വ്യക്തികളെയും ഇക്കാര്യത്തിൽ സഹകരിപ്പിക്കും. വിഷപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ജനകീയ ഹോട്ടൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുകയും കൂടുതൽ ജനകീയമാക്കുകയും ചെയ്യേണ്ടതുണ്ട്. നടപ്പുപദ്ധതിക്കാലത്ത് ഒരു ജനകീയ ഹോട്ടൽ കൂടി കുടുംബശ്രീ സംവിധാനത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതുണ്ട്. അതിഥി തൊഴലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ കണക്കെടുപ്പുകൾ കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ, സംഘടനകൾ എന്നിവ ഉപയോഗപ്പെടുത്തി ശേഖരിക്കുന്നതാണ്.

## 8. പാർപ്പിടം

മുഴുവൻ ഭൂരഹിതർക്കും ഭവനരഹിതർക്കും പാർപ്പിട സൗകര്യമൊരുക്കാനുമുള്ള പദ്ധത നടപ്പു പദ്ധതി വർഷത്തിലും തുടർന്നും. സ്നേഹ ഭവനം പദ്ധതിയുടെ പൂർത്തീകരണത്തിനാ വശ്യമായ ഫണ്ട് ലഭ്യതയനുസരിച്ച് നീക്കിവെക്കേണ്ടതുണ്ട്. ദുർബ്ബല ജനവിഭാഗങ്ങളുടെ വീടു റിപ്പയർ പദ്ധതി തുടരാനും നഗരസഭയിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും ലക്ഷ്യം വെയ്ക്കുന്നു.ഫ്ളാറ്റ് സമുച്ചയത്തിന്റെ ആരോഗ്യകരമായ നടത്തിപ്പിന് ഒരു വെൽഫെയർ ബോർഡ് രൂപീകരിച്ച് സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹായം ലഭ്യമാക്കും.

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി തുടർന്നു പോകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തും. കേന്ദ്ര- സംസ്ഥാന വിഹിതങ്ങൾക്കു പുറമെ നൽകേണ്ട അധിക വിഹിതം വകയിരുത്തും.

## 9. മരാമത്ത്, ഗതാഗതം, ഊർജ്ജം

നഗരസഭയിൽ ഒരു റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കേണ്ടതുണ്ട്. സ്വാഭാ വിക ജല നിർമ്മാർജ്ജനം സുഗമമാക്കുന്നതിനാവശ്യമായ ഡ്രെയിനേജ് പ്ലാൻ തയ്യാറാക്കണം. ഡ്രെയിനേജ് ഉറപ്പു വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

റോഡ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ രൂപപ്പെടുത്തിയെടുക്കണം. പുതിയ കുടിവെള്ള പദ്ധതിക്ക് പൈപ്പലൈൻ കീറിയതിനെ തുടർന്ന് ഗതാഗതയോഗ്യമല്ലാതായ റോഡുകളും മഴയെ തുടർന്ന് നാശനഷ്ടം സംഭവിച്ച മുഴുവൻ റോഡുകളും റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. ജംഗ്ഷനുകളുടെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ സ്ഥാപനങ്ങളുടെ സഹായത്തെടെ നടപ്പാക്കേണ്ടതുണ്ട്. റോഡ് സുരക്ഷാ മഹാദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. റോഡുകളുടെ ഗുണനിലവാരത്തെപ്പറ്റി വലിയതോതിൽ ആക്ഷേപം ഉയർന്നുവരുന്ന സാഹചര്യത്തിൽ മൂന്നോ നാലോ വർഷത്തേ ക്കെങ്കിലും കേടുവരാത്ത റോഡുകളുടെ നിർമ്മാണം എന്ന ലക്ഷ്യത്തിലേക്ക് പുതിയ റോഡ് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനാവശ്യമായ സംവിധാനം കരാറുകാരുടെ സഹകരണത്തോടെ നടപ്പാക്കാൻ ശ്രമിക്കും. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്ത് സുഗമമായ വാഹന ഗതാഗതത്തിന് ആവശ്യമായ വിധത്തിൽ ക്രമീകരണങ്ങൽ ഉണ്ടാക്കണം. പാർക്കിംഗ് സംബന്ധിച്ച് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ വേണം. റിങ്ങ്റോഡ്, കണക്റ്റിവിറ്റി റോഡ് എന്നിവ സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തണം. നഗരസഭയുടെ മാസ്റ്റർ പ്ലാൻ പ്രാവർത്തിമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും ശ്രമിക്കേണ്ടതുണ്ട്.

അദ്ധ്യായം – 5

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

ആസൂത്രിത പദ്ധതികൾ മുൻഗണനാ ക്രമത്തിൽ പ്രാവർത്തികമാക്കുന്നതി നാവശ്യമായ വിഭവങ്ങൽ സമാഹരിക്കുകയെന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഒരു ചുമതലയാണ്. കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങൾകൊണ്ട് ഈ മേഖലയിൽ വിപുലമായ സാധ്യതകൾ കണ്ടെത്താൻ പെരിന്തൽമണ്ണ നഗരസഭക്ക് ഇതിനകം തന്നെ കഴിഞ്ഞിട്ടുണ്ട്.അത് ഇനിയും തുടരേണ്ടിയിരിക്കുന്നു.

പ്രാദേശിക വികസനത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുക തന്നെ വേണം. ശാസ്ത്രീയവും, പ്രായോഗികവും ഫലപ്രദവുമായ മാർഗ്ഗത്തിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമാണ് നികുതിയിനങ്ങൾ. നികുതി ചുമത്തുന്നത് പോലെത്തന്നെ പ്രാധാന്യമേറിയതാണ് നീതിയുക്തവും, കാര്യക്ഷമവുമായി യഥാസനയം നികുതി പിരിച്ചെടുക്കുകയെന്നത്. ഇത് സാധ്യമായാൽ തന്നെ വലിയൊരളവോളം വിഭവ സമാഹരണമാക്കും.

നഗരത്തിലെ ജനങ്ങൾക്ക് പൊതുമായി ചെയ്യുന്ന സേവന പ്രവർത്തനങ്ങൾക്ക് പുറമെ ചില പ്രത്യേക വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വേണ്ടി കൂടുതൽ സേവനങ്ങൾ മുനിസിപ്പാ ലിറ്റിയിൽ നിന്നും ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ഒരു നിശ്ചിത ശതമാനം തുക സർവ്വീസ് ചാർജ്ജായി ഈടാക്കി വിഭവ സമാഹരണം ശക്തിപ്പെടുത്താവുന്നതാണ്.

ഭൗതിക പശ്ചാതല വികസന ചെലവുകൾ നടന്ന പോകുന്നതിന് ക്രിയാത്മാകമായ ഇടപെടൽ ആവശ്യമാണ്. ഇതിനായി താഴെപറയുന്ന കാര്യങ്ങൽ പരിഗണിച്ച് കൊണ്ട് തനത് വിഭവ സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനാണ് നഗരസഭ ലക്ഷ്യം വെക്കുന്നത്.

## 1. വസ്തു നികുതി വരുമാനം വർദ്ധിപ്പിക്കൽ

നിലവിൽ പലകാരണങ്ങളാലും വസ്തു നികുതി പൂർണ്ണമായ തോതിൽ പിരിച്ചെടുക്കുവാൻ നമുക്ക് കഴിയുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യും, അതോടൊപ്പം സർക്കാറിന്റെ പുതിയ നികുതി നയപ്രകാരം പൊതുജന ങ്ങൾക്ക് ബാധ്യതയാകാത്തവിധം നികുതി പരിഷ്കരണം നടത്തും. വാണിജ്യ, വ്യവസായ കെട്ടിടങ്ങൾക്കുള്ള നികുതി സമയബന്ധിതവും, ഫലപ്രദവുമായ രീതിയിൽ സമാഹരിക്കും. ഇതോടെ നികുതി വരുമാനത്തിൽ വൻ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

2. സിനിമാ വ്യവസായം, മറ്റു വിനോദ പരിപാടികൾ, പരസ്യ നികുതി, തൊഴിൽ നികുതി തുടങ്ങി യവ യഥാസമയത്ത് കൃത്യമായി പരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കും. ഇതിലൂടെ അധിക വരുമാനം ലഭിക്കുന്നതാണ്. ഉള്ളത് തന്നെ കൃത്യമായി പിരിവെടുത്താൽ നഗരസഭ വരുമാനത്തിൽ നല്ലൊരു വർദ്ധനവാണ് കണക്കാക്കുന്നത്.

## 3. നഗരസഭ വസ്തുക്കളിൽ നിന്നുള്ള വരുമാനം

നഗസഭയുടെ തനത് ആസ്തികളായ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് തുടങ്ങിയവയിലൂള്ള കെട്ടിട മുറികളിൽ നിന്നുള്ള വാടക വരുമാനം കൃത്യമായി പിരിച്ചെടുക്കൽ വഴി വരുമാനം മെച്ചപ്പെടുത്താൻ കഴിയും. മിതമായ ഡെപ്പോസിറ്റ് തുക മുൻകൂർ വാങ്ങുന്നവഴിയും ധനവർദ്ധനവ് കൂട്ടാവുന്നതാണ്. നഗരസഭക്ക് കീഴിലുള്ള ഷീ സ്റ്റേ, വനിതാ വിശ്രമകേന്ദ്രം തുടങ്ങിയവയും പ്രവർത്തനം കുറ്റമറ്റ രീതിയിൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി നല്ല വരുമാന വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

## 4. വികസന ബോണ്ട്

സർക്കാറിന്റെ അനുവാദത്തോടെ നഗരസഭയുടെ തനത് ആസ്തി വർദ്ധിപ്പിക്കുന്നതിന് പ്രാദേശിക വികസന ബോണ്ട് വഴി തുക കണ്ടെത്താവുന്നതാണ്. ഇത് വഴി ഓരോ വർഷവും മെച്ചപ്പെട്ട രീതിയിൽ ധനസമാഹരണം നടത്താൻ കഴിയും.

## 5. വായ്പ

നഗരസഭയിൽ പണിപൂർത്തീകരിച്ച് കൊണ്ടിരിക്കുന്ന ആയുർവ്വേദ, ഹോമിയോ ആശുപത്രി കെട്ടിടം, ടൗൺഹാൾ, മാർക്കറ്റ് കോംപ്ലക്സ് എന്നിവയുടെ പൂർത്തീകരണത്തിന് ഹഡ്കോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സർക്കാർ മാർഗ്ഗരേഖ അനുസരിച്ച് വായ്പ എടുക്കും.

## 6. സാന്ത്വനം

നഗരസഭക്കുള്ളിലുള്ള പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും, ആരോഗ്യ സംരക്ഷണത്തിനും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, ആരോഗ്യ- ക്ഷേമ-വിനോദ ക്യാമ്പുകൾ നടത്തുന്നതിനും സംഭാവനകൾ സ്വീകരിച്ച് പ്രസ്തുത വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നത് രേഖാമൂലം സംഭാവനകൾ സ്വീകരിച്ച് ദശദിന ക്യാമ്പുകൾ അടക്കം സംഘടിപ്പിക്കും.

## 7. ഫീസുകൾ

നിലവിലുള്ള രീതി അനുസരിച്ചും കൂടുതൽ ഫീസുകൾ ചുമത്താതെ തന്നെ ഫലപ്രദമായ രീതിയിൽ പരിച്ചെടുക്കാൻ സാധിച്ചാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും വിധ രീതിയിൽ ഈടാക്കുന്ന ഫൈനുകളും കൃത്യമായി പിരിച്ചെടുത്താലും തനത് വിഭവ സ്രോതസ്സ് വർദ്ധിപ്പക്കാൻ സാധിക്കും

## നഗരസഭക്ക് ലഭ്യമായേക്കാവുന്ന വിഭവസ്രോതസ്സുകൾ 2026–27

| 2026-2027 വാർഷിക പദ്ധതി ബഡ്ജറ്റ് വിശദാംശങ്ങൾ | | |
|---|---|---|
| (AS PER KERALA BUDGET 2026-2027) | | |
| വിഭാഗം | ബഡ്ജറ്റ് അലോക്കേഷൻ | റിമാർക്സ് |
| പ്ലാൻഫണ്ട് ജനറൽ | 63556000 | |
| എസ്.സി.പി | 28692000 | |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻഡ് (ബേസിക്) | 17995000 | ബഹു. കേന്ദ്ര സർക്കാർ ധനകാര്യ കമ്മീഷൻ വിഹിതം അനുവദിച്ചുതരുന്ന മുറക്ക് മാത്രമേ ടി മേഖലയിലെ പദ്ധതികൾ നഗരസഭക്ക് ഏറ്റെടുക്കാൻ സാധിക്കൂ |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ( ടൈഡ് ) | 26992000 | |
| ആകെ | 137235000 | |
| എം.ജി. റോഡ് | 55011000 | |
| എം.ജി. നോൺറോഡ് | 13054000 | |
| എം.ജി TOTAL | 68065000 | |
| ആകെ പദ്ധതി അടങ്കൽ | 20,53,00,000 | |

| നിർബന്ധിത വകയിരുത്തലുകൾ(2026-2027) | | | |
|---|---|---|---|
| SL NO | ഇനം | പ്ലാൻ ഫണ്ട് ജനറൽ | പ്ലാൻ ഫണ്ട് പട്ടികജാതി വിഹിതം |
| 1 | അംഗനവാടി പോഷകാഹാരം | 5000000 | 1000000 |
| 2 | സർവ്വശിക്ഷാ കേരളം | 2500000 | 500000 |
| 3 | ആശ്രയ | 300000 | 0 |
| 4 | അതിദാരിദ്ര നിർമ്മാർജനം | 300000 | 0 |
| 5 | ഐ കെ എം വിഹിതം | 500000 | 0 |
| 6 | ലൈഫ് ഭവനപദ്ധതി | 13000000 | 5000000 |
| 7 | വനിത ഘടക പദ്ധതി | 6500000 | 3000000 |
| 8 | ശിശുക്കൾ, കുട്ടികൾക്കുള്ള പദ്ധതി | 3500000 | 1000000 |
| 9 | പാലിയേറ്റീവ്കെയർ,വയോജന പദ്ധതി | 4500000 | 0 |
| 10 | പതിനഞ്ചാം പഞ്ചവത്സര പദ്ധതി രൂപീകരണം | 300000 | 0 |
| | TOTAL | 36400000 | 10500000 |
| 1 | ഉത്പാദന മേഖല | 6400000 | 0 |
| 2 | സ്പിൽഓവർ ബഹുവർഷ പദ്ധതികൾക്ക് | 6000000 | 2500000 |
| | TOTAL | 48800000 | 13000000 |
| | BALANCE | 14756000 | 15692000 |
| മെയിന്റനൻസ് ഗ്രാൻഡ് (റോഡ്) | | | |
| 1 | സ്പിൽഓവർ ബഹുവർഷ പദ്ധതികൾക്ക് | 5011000 | |
| 2 | BALANCE | 50000000 | |
| മെയിന്റനൻസ് ഗ്രാൻഡ് (നോൺ റോഡ്) | | | |
| 1 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് | 2200000 | |
| 2 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് | 300000 | |
| 3 | വെറ്റിനറി ഹോസ്പിറ്റലിലേക്ക് മരുന്ന് | 300000 | |
| 4 | ആയുർവേദം, ഹോമിയോ, കൃഷിഭവൻ, വെറ്റിനറി ഹോസ്പിറ്റൽ, അംഗനവാടികൾ എന്നിവയുടെ ദൈനംദിന ചിലവുകൾ | 700000 | |
| 5 | സ്പിൽഓവർ ബഹുവർഷ പദ്ധതികൾക്ക് | 3500000 | |
| 6 | ആകെ | 7000000 | |
| | BALANCE | 6054000 | |

# അദ്ധ്യായം 6

## പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| Sl.No | ProjNo | ProjectName | PlanGen | SCP | CSS | SSS | OwnFund | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | നെൽകൃഷി -കൂലി ചെലവ് സബ്സിഡി | 2500000 | 0 | 0 | 0 | 0 | 0 | 0 | 0 | 2500000 |
| 2 | 2 | കൃഷി ഓഫീസ് -ദൈനംദിന ചിലവുകൾ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 3 | 3 | പച്ചക്കറി കൃഷി വികസനം | 450000 | 0 | 0 | 0 | 0 | 0 | 0 | 0 | 450000 |
| 4 | 4 | എന്റെ എന്റെ കെ വിഹിതം അടവാക്കൽ ജനറൽ | 2000000 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 5 | 5 | എന്റെ എന്റെ കെ വിഹിതം അടവാക്കൽ എസ് സി പി | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 6 | 6 | വയോമിത്രം പ്രോജക്റ്റ് | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 7 | 7 | ഐ കെ എം വിഹിതം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 8 | 8 | പദ്ധതി നിർവഹണ ചിലവുകൾ | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 9 | 9 | ഹൃദ്യം -കിഡ്നി രോഗികൾക്ക് ഡയാലിസിസ് ധനസഹായം | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 10 | 10 | വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മരുന്ന് വാങ്ങ | 0 | 0 | 0 | 0 | 0 | 350000 | 0 | 0 | 350000 |
| 11 | 11 | വെറ്ററിനറി പോളിക്ലിനിക്കിലേക്ക് കൺസ്യൂമബ്ൾ വാങ്ങ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 12 | 12 | വെറ്ററിനറി പോളിക്ലിനിക്കിലേക്കിന്റെ ദൈനംദിന ചെലവുകൾക്കുള്ള പദ്ധതി | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 13 | 13 | സമഗ്ര പാലിയേറ്റീവ് പദ്ധതി | 1850000 | 0 | 0 | 0 | 0 | 0 | 0 | 0 | 1850000 |
| 14 | 14 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി -ജനറൽ | 3000000 | 0 | 2000000 | 0 | 0 | 0 | 0 | 0 | 5000000 |
| 15 | 15 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി -എസ് സി പി | 0 | 1000000 | 500000 | 0 | 0 | 0 | 0 | 0 | 1500000 |
| 16 | 16 | ഫലവർഗ പോഷക തോട്ട കിറ്റുകളുടെ വിതരണം | 187500 | 0 | 0 | 0 | 0 | 0 | 0 | 62500 | 250000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 17 | 17 | ഇടവിള കിറ്റ് വിതരണം | 180000 | 0 | 0 | 0 | 0 | 0 | 0 | 0 | 180000 |
| 18 | 18 | തരിശ നില നെൽകൃഷി വികസനം | 240000 | 0 | 0 | 0 | 0 | 0 | 0 | 0 | 240000 |
| 19 | 19 | കൃഷിയിടങ്ങളി സൗരവേലി | 210000 | 0 | 0 | 0 | 0 | 0 | 0 | 210000 | 420000 |
| 20 | 21 | ഭിന്നശേഷി കലാമേള | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 21 | 22 | അങ്കണവാട കുട്ടികളുടെ കലാമേള | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 22 | 23 | സമൃദ്ധി - അടുക്കളത്തോ | 114000 | 0 | 0 | 0 | 0 | 0 | 0 | 36000 | 150000 |
| 23 | 24 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ | 3200000 | 0 | 0 | 0 | 0 | 0 | 0 | 0 | 3200000 |
| 24 | 25 | അങ്കണവാടികളുടെ ദൈനംദിന ചെലവുകൾ | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 25 | 26 | അങ്കണവാടികൾക്ക വെയിങ് മെഷിന | 155000 | 0 | 0 | 0 | 0 | 0 | 0 | 0 | 155000 |
| 26 | 29 | ഗവ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങ | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 27 | 31 | വിട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷ | 148000 | 0 | 0 | 98000 | 0 | 0 | 0 | 369000 | 615000 |
| 28 | 32 | ഗവ ഹോമിയോ ഡിസ്പെൻസറിയുടെ ദൈനംദിന ചിലവുകൾ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 29 | 33 | കറവപ്പശുക്കൾക്ക കാലിതീറ്റ വിതരണ പദ്ധത | 800250 | 0 | 0 | 0 | 0 | 0 | 0 | 800250 | 1600500 |
| 30 | 34 | ക്ഷീരകർഷകർക്ക പാലിന സബ്സിഡി നല്കുക | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 31 | 35 | പട്ടികജാതി വനിതകൾക്ക വിവാഹ ധനസഹായം | 0 | 2500000 | 0 | 0 | 0 | 0 | 0 | 0 | 2500000 |
| 32 | 36 | പട്ടികജാതി വിദ്യാർഥികൾക്ക സ്കോളർഷിപ്പ | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 33 | 37 | പട്ടികജാതി പെൺകുട്ടികൾക്ക സ്കോളർഷിപ്പ | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 1000000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 34 | 38 | പട്ടികജാതി വിദ്യാർഥിനികൾക്ക് ലാപ്ടോപ് | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 35 | 39 | പട്ടികജാതി വിദ്യാർഥികൾക്ക ലാപ്ടോപ് | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 36 | 40 | ഗവ എൽ പി വിഭാഗം വിദ്യാർഥികൾക്ക പ്രഭാത ഭക്ഷണം - ജനറൽ | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 37 | 41 | ഗവ എൽ പി സ്കൂൾകളിലെ പട്ടികജാതി വിദ്യാർഥികൾക്ക പ്രഭാതഭക്ഷണ -എസ് സി പി | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 38 | 42 | വിജയഭേരി വിജയസ്പർശം - വിദ്യഭ്യാസ പദ്ധതി | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 39 | 43 | ടി ബി രോഗികൾക്ക് ഭക്ഷണ കിറ്റ് വിതരണം | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 40 | 44 | പതിനഞ്ച: പഞ്ചവത പദ്ധത രൂപികരണം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 41 | 45 | ഗവ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന | 0 | 0 | 0 | 0 | 0 | 2200000 | 0 | 0 | 2200000 |
| 42 | 46 | അതിദാരിദ്ര നിർമ്മാർജ്ജ പദ്ധത | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 43 | 47 | ആശ്രയ പദ്ധത | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 44 | 48 | പി എം എ വൈ -ലൈഫ ഭവന പദ്ധത നഗരസഭാ വിഹിതം - ജനറൽ | 13000000 | 0 | 0 | 0 | 0 | 0 | 0 | 0 | 13000000 |
| 45 | 49 | പി എം എ വൈ ലൈഫ ഭവന പദ്ധത നഗരസഭ വിഹിതം-എസ സി പി | 0 | 5000000 | 0 | 0 | 0 | 0 | 0 | 0 | 5000000 |
| 46 | 50 | പട്ടികജാതി വിദ്യാർത്ഥികൾ പഠനമുറി | 0 | 4000000 | 0 | 0 | 0 | 0 | 0 | 0 | 4000000 |
| 47 | 51 | ഗവൺമെന്റ ആയുർവേദ ആശുപത്രിയുടെ ദൈനംദിന ചിലവുകൾ | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 48 | 52 | പാലിയേറ്റിവ പ്രോജക്ട് - ആയുർവേദം | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 49 | 53 | വീട് വാസയോഗ്യമാക്ക ജനറൽ | 3125000 | 0 | 0 | 0 | 0 | 0 | 0 | 0 | 3125000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 50 | 54 | വീട് വാസയോഗ്യമാക്കൽ -എസ് സി പി | 0 | 5000000 | 0 | 0 | 0 | 0 | 0 | 0 | 5000000 |
| 51 | 55 | സ്പിൽ ഓവർ ബഹുവർഷ പദ്ധതി വിഹിതം - ജനറൽ | 8000000 | 0 | 0 | 0 | 0 | 3000000 | 5000000 | 0 | 16000000 |
| 52 | 56 | സ്പിൽ ഓവർ ബഹുവർഷ വിഹിതം -എസ് സി പി | 0 | 3000000 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 53 | 58 | കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയർ | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 54 | 59 | വനിതകൾക്ക് ഓപ്പൺജിം സ്ഥാപിക്കൽ -2026-2027 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 55 | 60 | വനിത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകൽ 2026-2027 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 56 | 61 | തെരുവ് നായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 57 | 62 | ബഡ്സ് സ്കൂൾ റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ഉച്ചഭക്ഷണം നൽകാൻ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 58 | 63 | തുടർ സാക്ഷരത പ്രോജക്ട് | 150000 | 0 | 0 | 0 | 0 | 0 | 0 | 75000 | 225000 |
| 59 | 64 | മാലിന്യ സംസ്കരണം - തോടുകളുടെ ക്ലീനിംഗ് | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 60 | 65 | പോർട്ടബിൾ ബയോബിൻ -2026-2027 | 1386000 | 0 | 0 | 0 | 0 | 0 | 0 | 154000 | 1540000 |
| 61 | 66 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ വാഹന വാടക | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 62 | 67 | അങ്കണവാടികളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 198000 | 0 | 0 | 198000 |
| 63 | 68 | ചെമ്പൻകുന്ന് പരപ്പ് റോഡ് പുനരുദ്ധാരണം -7 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 64 | 69 | ഐ എസ് എസ് കോളേജ് മുതൽ മിസ്ബാഹുൽഹുദ മദ്രസ്സ വരെ റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 65 | 70 | കളത്തിലെ കെ ന്നി വളപ്പ റോഡ് റീടാറിംഗ് - 30 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 66 | 71 | കളത്തില എം ഇ എന്ന റോഡ് റീടാറിംഗ് - 30 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 67 | 72 | മത്താര പാര വേ പുനരുദ്ധാരണം 29 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 68 | 73 | പാറക്കല്ലര ഷിഹാബ്തര പാര വേ റി കോൺക്രീറ്റിംഗ് - 30 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 69 | 74 | മുട്ടിപ്പാലം എന്ന എന്ന ഡി പി കോളേജ് റോഡ് റീ ടാറിങ 29 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 70 | 75 | എടക്കണ്ട വായനശാല റോഡ് റീ ടാറിങ 29 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 71 | 76 | ആറ്റുതൊട അമ്പലപ്പ കളത്തില റോഡ് പുനരുദ്ധാരണം-27 | 0 | 0 | 0 | 0 | 0 | 0 | 900000 | 0 | 900000 |
| 72 | 77 | എം ഇ എന്ന സ്കൂള റോഡ് റീ ടാറിങ 26 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 73 | 78 | ഉണ്ണിയന്തി കാര റോഡ് പുനരുദ്ധാരണം 26 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 74 | 79 | മാനത്ത്മംഗ ചിരട്ടമ റോഡ് പുനരുദ്ധാരണം - 04 | 0 | 0 | 0 | 0 | 0 | 0 | 2000000 | 0 | 2000000 |
| 75 | 80 | അടിവാരം വെട്ടി മസ്ജ തഖ പള്ള റോഡ് പുനരുദ്ധാരണം 25 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 76 | 81 | ഡോ വി വി സിതി റോഡ് റീടാറിംഗ് - 06 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 77 | 82 | അയ്യൂരുള്ള ബൈ റോഡ് പുനരുദ്ധാരണം 25 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 78 | 83 | ഡോ കെ എ സിതി റോഡ് റീടാറിംഗ് - 06 | 0 | 0 | 0 | 0 | 0 | 0 | 450000 | 0 | 450000 |
| 79 | 84 | സരോജിനി സ്കൂള റോഡ് റീടാറിംഗ് - 06 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 80 | 85 | വയോജന ക്ഷേമം 2026-2027 | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 81 | 86 | ചോതന റോഡ മുതൽ കെഎസ്ഇബി റോഡ് വരെ റോഡ് പുനരുദ്ധാരണം - 35 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 82 | 87 | വട്ടപ്പാറ കാളക്കുള റോഡ് പുനരുദ്ധാരണം -31 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 83 | 88 | തൊട്ടിക്കൽ എസ്റ്റേറ്റ റോഡ് റീടാറിം -17 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 84 | 89 | കെഎസ്ഇബി സിൽക മുതൽ ജെ ജെ ആശുപത്രി വരെയുള്ള റോഡ് പുനരുദ്ധാരണം - 06 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 85 | 90 | കുന്നുംപുറം ചെറുകുന്നത്ത മുതൽ മുട്ടുങ്ങ വായനശാല കാവുങ്ങൽപ വരെ റോഡ് അഭിവൃദ്ധിപ്പെടുത്ത - 36 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 86 | 91 | ബൈപാസ് - ഇമേജ് മൊബൈൽസ് മുതൽ ലേഡീബേഡ് വരെ റോഡ് അഭിവൃദ്ധിപ്പെടുത്ത - 36 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 87 | 92 | സുരഭി നഗർ റോഡ് പുനരുദ്ധാരണം - 37 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 88 | 93 | പാറക്കേ റോഡ് റീടാറിം -17 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 89 | 94 | പഴയ ജിംനേഷ്യം മുതൽ മണ്ണേ സ്കൂളിനെ പടിഞ്ഞാറേ വശം വരെ റോഡ് പുനരുദ്ധാരണം - 37 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 90 | 95 | പഴയ ജിംനേഷ്യം മുതൽ കുന്നുംപുറം വരെ റോഡ് പുനരുദ്ധാരണം - 37 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 91 | 96 | എം സി ഐ റോഡ് നവീകരണം - 37 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 92 | 97 | പൂളക്ക പള്ളിയാ റോഡ് പുനരുദ്ധാരണം -31 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 93 | 98 | ചാലിയംകുളം റോഡ് പുനരുദ്ധാരണം - 8 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 94 | 99 | അരുൺ നഗർ റോഡ് റീ ടാറിം 34 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 95 | 100 | തേക്കിൻകോട് റോഡ് പുനരുദ്ധാരണം -31 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 96 | 101 | ഇ എം എസ് കാപ്പുങ്ങൽപ്പ റോഡ് റീകോൺക്രീറ്റിങ്-17 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 97 | 102 | സുധിഃ നഗർ റോഡ് റീ കോൺക്രീറ്റിങ് 34 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 98 | 103 | കാപ്പുങ്ങൽപ്പ കോരക്കുളം റോഡ് റീകോൺക്രീറ്റിങ്-17 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 99 | 104 | സുധിഃ നഗർ റോഡ് ഡ്രൈനേജ് നിർമ്മാണം | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 100 | 105 | സിൽവർ മൌണ്ട് -കോമുള്ള് ബൈ ലൈൻ റോഡ് പുനരുദ്ധാരണം -8 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 101 | 106 | മുണ്ടര കലുങ്ക് നിർമ്മാണം -4 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 102 | 107 | ഗോവിന്ദൻ നമ്പ്യാർ മുട്ടുങ്ങൽ വായനശാല റോഡ് ഡ്രൈനേജ് നവീകരണം -36 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 103 | 108 | കോവിലകംപടി -ആപ്പി വാലി റോഡ് പുനരുദ്ധാരണം-15 | 0 | 0 | 0 | 0 | 0 | 0 | 1800000 | 0 | 1800000 |
| 104 | 109 | പട്ടാണിത്തൊടി റോഡ് പുനരുദ്ധാരണം -9 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 105 | 110 | കുന്നത്ത് കോളനി റോഡ് പുനരുദ്ധാരണം-15 | 0 | 0 | 0 | 0 | 0 | 0 | 900000 | 0 | 900000 |
| 106 | 111 | മുണ്ടേക്കാട്മന പലൊള്ളിപ്പടി റോഡ് പുനരുദ്ധാരണം-22 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 107 | 112 | മണിയേറ്റ് റോഡ് പുനരുദ്ധാരണം -9 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 108 | 113 | മുഴന്ന മാടശ്ശേരി റോഡ് പുനരുദ്ധാരണം-22 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 109 | 114 | ബൈപാസ് എം യു എം ജംക്ഷ മുതൽ എ) എം എൽ പി സ്കൂ ലക്ഷ വീട് വരെ റോഡ് പുനരുദ്ധാരണം -9 | 0 | 0 | 0 | 0 | 0 | 0 | 750000 | 0 | 750000 |
| 110 | 115 | എരവിമംഗലം എൽ പി സ്കൂ നരിയന റോഡ് പുനരുദ്ധാരണം - 21 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 111 | 116 | അമ്പല ശ്രീവൽസം റോഡ് പുനരുദ്ധാരണം -22 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 112 | 117 | ചിരട്ടമ മാനത്തുമംഗ റോഡ് റി ടാറിങ് -1 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 113 | 118 | നവോദയ കിഴങ്ങത്തേ റോഡ് പുനരുദ്ധാരണം -23 | 0 | 0 | 0 | 0 | 0 | 0 | 450000 | 0 | 450000 |
| 114 | 119 | കാർഗിൽ ജങ്ഷന മുതൽ കാപ്പുങ്ങ റോഡ് റീടാറിങ് -16 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 115 | 120 | കിഴ ശ്ശേരി വെട്ടി റോഡ് റിടാറിങ് - 20 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |
| 116 | 121 | പാതായ സ്കൂൾ പുഴിക്കുത റോഡ് റീടാറിങ് -16 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 117 | 122 | എം യു എം ഓഡിറ്റോറിയം ചേരിയിൽ മദ്രാസസപടി താമസപ്പട റോഡ് പുനരുദ്ധാരണം- വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 1500000 |
| 118 | 123 | വള്ളിക്കാട്ടുപറമ്പി നഗര റോഡ് റീടാറിംഗ് -2 | 0 | 0 | 0 | 0 | 0 | 0 | 335000 | 0 | 335000 |
| 119 | 124 | താമരത നഗർ റോഡ് റീടാറിംഗ് -2 | 0 | 0 | 0 | 0 | 0 | 0 | 480000 | 0 | 480000 |
| 120 | 125 | ഇ എം എസ നഗര റോഡ് പുനരുദ്ധാരണം രണ്ട ഘട്ടം -20 | 0 | 0 | 0 | 0 | 0 | 0 | 900000 | 0 | 900000 |
| 121 | 126 | ശ്മശാന റോഡ് റീടാറിംഗ് -2 | 0 | 0 | 0 | 0 | 0 | 0 | 490000 | 0 | 490000 |
| 122 | 127 | കുണ്ടംചോല റോഡ് റീടാറിംഗ് -3 | 0 | 0 | 0 | 0 | 0 | 0 | 490000 | 0 | 490000 |
| 123 | 128 | ഗ്രീൻ വാലി റോഡ് റി ടാറിങ് - വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 124 | 129 | കെ ടി ഫർണ്ണിച്ച റോഡ് റീടാറിംഗ് -3 | 0 | 0 | 0 | 0 | 0 | 0 | 650000 | 0 | 650000 |
| 125 | 130 | കെ കെ എം റോഡ് അഭിവൃദ്ധിപ്പെടുത്ത -32 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 126 | 131 | എന കെ ലൈൻ റോഡ് റീകോൺക്രീറ്റിംഗ് -32 | 0 | 0 | 0 | 0 | 0 | 0 | 210000 | 0 | 210000 |
| 127 | 132 | മൂസക്കു റോഡ് റീകോൺക്രീറ്റിംഗ് -33 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 128 | 133 | ബാപ്പുറേ: പാറക്കല്ല റോഡ് റീടാറിംഗ് -33 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 129 | 134 | എം ഇ എന റോഡ് റീടാറിംഗ് -33 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 130 | 135 | കാരക്കാട്ടു റോഡ് പുനരുദ്ധാരണം വാർഡ 11 | 0 | 0 | 0 | 0 | 0 | 0 | 940000 | 0 | 940000 |
| 131 | 136 | ദുബായ്പട ജമായത്ത്പ ലക്ഷംവ പൊന്ന്യാകുർശിറോഡ് റീടാറിംഗ് - വാർഡ 11 | 0 | 0 | 0 | 0 | 0 | 0 | 1450000 | 0 | 1450000 |
| 132 | 137 | പഞ്ച സ്കൂൾ ശാന്തിനഗർ റോഡ് പുനരുദ്ധാരണം വാർഡ 13 | 0 | 0 | 0 | 0 | 0 | 0 | 550000 | 0 | 550000 |
| 133 | 138 | ഫയർ സ്റ്റേഷ റോഡ് പുനരുദ്ദാരണം വാർഡ 13 | 0 | 0 | 0 | 0 | 0 | 0 | 1900000 | 0 | 1900000 |
| 134 | 139 | കുട്ടിപ്പാറ ഇസിഎച്ച റോഡ് പുനരുദ്ധാരണം വാർഡ 14 | 0 | 0 | 0 | 0 | 0 | 0 | 560000 | 0 | 560000 |
| 135 | 140 | പണിക്കർക്കു റോഡ പുനരുദ്ധാരണം രണ്ടാ ഘട്ടം- വാർഡ 14 | 0 | 0 | 0 | 0 | 0 | 0 | 900000 | 0 | 900000 |
| 136 | 141 | മൈത്രി വായനശാല റോഡ് റീകോൺക്രീറ -വാർഡ 14 | 0 | 0 | 0 | 0 | 0 | 0 | 370000 | 0 | 370000 |
| 137 | 142 | കുന്നപ്പള്ളി മുതുവത്തപ റോഡ് റീടാറിംഗ് - വാർഡ 28 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 1500000 |
| 138 | 143 | വിജ്ഞാ കേരളം പദ്ധത | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 139 | 144 | പഴയരി റോഡ് പുനരുദ്ധാരണം-19 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 140 | 145 | എൻജിഒ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 2026-2027 | 1500000 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 141 | 146 | ഒലിങ്കര വളയംമൂച്ചി റോഡ് റീടാറിംഗ് -24 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 142 | 147 | വയലോരം നവോദയ റോഡ് റീടാറിംഗ് -24 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 143 | 148 | കൊതുക് നിർമ്മാർജന പദ്ധതി | 100000 | 0 | 0 | 0 | 500000 | 0 | 0 | 500000 | 1100000 |
| 144 | 149 | മദ്രസ്സ റോഡ് റീകോൺക്രീറ്റിങ്-16 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 145 | 150 | മണ്ണേങ്കഴ ചൂരുതൊടി റോഡ് പുനരുദ്ധാരണം -23 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 146 | 151 | അംഗനവാടികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 147 | 152 | സർക്കാർ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - എൽ പി - ഹൈസ്കൂൾ -ഹയർസെക്കൻഡറി 2026-2027 | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 2000000 |
| 148 | 153 | സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 2000000 |
| 149 | 154 | ഐ എസ് എസ് നെടുമ്പറ റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 150 | 155 | ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 1206000 | 0 | 0 | 1206000 |
| 151 | 156 | കിഴിശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണംവാർഡ് -12 | 0 | 0 | 0 | 0 | 0 | 0 | 146000 | 0 | 146000 |
| 152 | 157 | ആയുർവേദ ആശുപത്രി തുടർ പ്രവൃത്തി | 0 | 0 | 0 | 0 | 9900000 | 0 | 0 | 0 | 9900000 |
| 153 | 158 | വിവിധ വാർഡുകളിലെ റോഡ് റീ കോൺക്രീറ്റിങ് പ്രവൃത്തികൾ | 0 | 0 | 0 | 0 | 0 | 0 | 2500000 | 0 | 2500000 |
| 154 | 159 | നവോദയ കിഴങ്ങരെ റോഡ് സംരക്ഷണഭിത്തി നിർമ്മാണം -23 | 0 | 0 | 0 | 0 | 0 | 0 | 1100000 | 0 | 1100000 |
| 155 | 160 | വിവിധ വാർഡുകളിലെ റോഡ് റീടാറിംഗ് പ്രവൃത്തികൾ | 0 | 0 | 0 | 0 | 2500000 | 0 | 0 | 0 | 2500000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 156 | 161 | മൌലാന ഡ്രെയ്നേ‌ അഭിവൃദ്ധിപ്പെടുത്ത 5 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 1000000 |
| 157 | 162 | മംഗലത് എന്ന സി നഗര സംരക്ഷ ഭിത്ത് നിർമ്മാണ വാർഡ് 4 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 158 | 163 | തലക്കുറി എന്ന സി നഗർ അംഗനവാടി റോഡ് കോൺക്രീറ്റ് 29 | 0 | 350000 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 159 | 164 | താമരത കോളനി നവീകരണം -2 | 0 | 900000 | 0 | 0 | 0 | 0 | 0 | 0 | 900000 |
| 160 | 165 | കാഞ്ഞാറ കുടിവെള്ള പദ്ധതി - 27 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 50000 |
| 161 | 166 | കൊളക്കട നഗര റോഡ് പുനരുദ്ധാരണം-19 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 162 | 167 | പാതയ്ക്ക പള്ളി റോഡ് പുനരുദ്ധാരണം വാർഡ് 14 | 0 | 0 | 0 | 0 | 0 | 0 | 90000 | 0 | 90000 |
| 163 | 168 | നഗരസഭാ ഓഫീസ അറ്റകുറ്റപണ | 0 | 0 | 0 | 0 | 500000 | 0 | 0 | 0 | 500000 |
| 164 | 169 | വി പി നഗർ പുനരുദ്ധാരണം-16 | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 165 | 171 | ഒടിയൻചോല നഗര റോഡ് കോൺക്രീറ്റിംഗ് - 18 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 500000 |
| | | TOTAL | 58500750 | 28550000 | 2500000 | 98000 | 13450000 | 13054000 | 55011000 | 2206750 | 173370500 |

## അദ്ധ്യായം – 7

# പ്രത്യേക പദ്ധതികൾ/പരിപാടികൾ

## പട്ടിക ജാതി ഉപപദ്ധതി (SCP)

സാമൂഹിക നീതിയിൽ ഊന്നി കേരളം സൃഷ്ടിച്ച വികസന പാതയിൽ പൊതുവിഭാഗങ്ങൾക്ക് കിട്ടിയ ഇടം കിട്ടാതെ പോയ സാമൂഹ്യ വിഭാഗമാണ് ദളിത് അഥവാ പട്ടികജാതി വിഭാഗം. ഭൂ ഉടമസ്ഥത, വീട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സുരക്ഷിതമാവുമ്പോഴാണ് പിന്നോക്ക വിഭാഗക്കാരുടെ അവികസിതമായ ജീവിതാവസ്ഥക്ക് മാറ്റമുണ്ടാകുന്നത്. അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംഞ്ചാരം ഈ മേഖലകളിൽ കൂടി അനുയോജ്യമായ പ്രോജറ്റുകൾ ഈ വിഭാഗത്തിന്റെ പാർശ്വ വരൽക്കരണം ഇല്ലാതാക്കാൻ കഴിയുക. അതിനു സാഹായകമെന്നോണം താഴെ പറയുന്ന പ്രോജറ്റുകളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്

| ക്രമ നമ്പർ | പദ്ധതി |
|---|---|
| 1 | സ്കോളർഷിപ്പ് |
| 2 | സ്കോളർഷിപ്പ് (വനിത) |
| 3 | ലാപ്ടോപ്പ് |
| 4 | ലാപ്ടോപ്പ് (വനിത) |
| 5 | കോളനികളുടെ അടിസ്ഥാന വികസനം |
| 6 | വിവാഹ ധന സഹായം |
| 7 | കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് |
| 8 | കോളനികളിലെ റോഡുകൾ നവീകരണം |
| 9 | കോളനികളിൽ കുടിവെള്ളപൈപ്പുകൾ നീട്ടൽ |
| 10 | അംഗനവാടി പോഷകാഹാരം (എസ്.സി) |
| 11 | എസ്.എസ്.കെ വിഹിതം |
| 12 | ഷുവർ മിഷൻ – വിദ്യഭ്യാസ പദ്ധതി |
| 13 | ഷുവർ മിഷൻ – എൽ പി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം |
| 14 | ഷുവർ മിഷൻ – വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (ക്ലാസ് 8) |

## വനിതാ ഘടക പദ്ധതി

പുത്തൻ കേരള മാതൃകയുടെ സൃഷ്ടിയിൽ സ്ത്രീ ശാക്തീകരണമെന്ന് വലിയ പ്രാധാന്യമുണ്ട്. വിമർശനാർഹമായ വിലയിരുത്തലിലൂടെ കേരളീയ വികസന പ്രക്രിയയിൽ ഉണ്ടായിട്ടുള്ള ദൗർബല്യങ്ങളെ തിരുത്താനുതകുന്ന പ്രോദൽവുകങ്ങളാണ് ഉണ്ടാക്കുന്നത്യ നിൽക്കുന്ന സാമൂഹ്യ - സാമ്പത്തിക തൊഴിൽ രംഗങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയുന്ന വിധത്തില് ഇവ നടപ്പിലാക്കുന്നതാണ്. സ്ത്രീ വികസന മേഖലയിൽ താഴെ പറയുന്ന പ്രോജൽമുകളാണ് പ്രധാനമായും നടപ്പാക്കാനുദ്ദേശിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതി |
|---|---|
| 1 | വനിത തൊഴിൽപരിശീലനം |
| 2 | വനിതാ ശാക്തീകരണ കേന്ദ്രം ടേക്ക് എ ബ്രേക്ക് |
| 3 | കുടുംബശ്രീ സ്നേഹിത കാളിംഗ് ബെൽ |
| 5 | സ്കോളർഷിപ്പ് (വനിത) |
| 6 | ലാപ്ടോപ്പ് (വനിത) |
| 7 | കുമാരി സൗഹൃദ ടോയ്ലറ്റുകൾ, |
| 8 | സ്വകാര്യ കുളങ്ങളിൽ ഗ്രൂപ്പ് മൽസ്യകൃഷി |
| 9 | മെൻസ്ട്രുവൽ കപ്പ് |
| 10 | സാനിറ്ററി നാപ്കിൻ ബേണിംഗ് മെഷ്യൻ |

## സാമൂഹ്യ സുരക്ഷ പദ്ധതികൾ

കുട്ടികൾ,ഭിന്ന ശേഷിയുള്ളവർ,ഭിന്നലിംഗക്കാർ,വയോജന ക്ഷേമം,പാലിയേറ്റീവ് കെയർ, ആശ്രയ എന്നീ മേഖല കളിൽ താഴെ പറയുന്ന പ്രോജറ്റുകളാണ് നടപ്പാക്കുന്നത്

| ക്രമ നമ്പർ | പദ്ധതി |
|---|---|
| 1 | അങ്കണവാടി പോഷകാഹാരം (ജനറൽ) |
| 2 | അങ്കണവാടി പോഷകാഹാരം (എസ്.സി) |
| 3 | അങ്കണവാടി വർക്കർ/ഹെൽപ്പർ ഹോണറേറിയം |
| 4 | വയോമിത്രം പദ്ധതി |
| 5 | പകൽ വീട്,വയോക്ലബ്ബുകൾ (വായനശാല/അങ്കണവാടികളോടനുബന്ധിച്ച്) |
| 6 | ഭിന്നശേഷി സ്കോളർഷിപ്പ് |
| 7 | ഭിന്നശേഷി കലാമേള |
| 8 | അങ്കണവാടി കലാമേള |
| 9 | അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ |
| 10 | ബഡ്സ് സ്കൂൾ – ഉച്ചഭക്ഷണം |
| 11 | അങ്കണവാടി ഫർണിച്ചർ |
| 12 | വാതിൽപ്പടി സേവന പദ്ധതി |
| 13 | സാന്ത്വനം ക്യാമ്പ് |

## അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാൻ

**സമൂഹത്തിൽ ഒറ്റപ്പെട്ട് ആരാലും കണ്ടെത്താത്ത നിരാലംബരായവരെ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാര യിലെത്തിക്കുന്നതിന് ഈ പദ്ധതിക്കാലത്ത് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.**

## 15 – ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളിലെയും മാലിന്യസംസ്കരണം,കുടിവെള്ളം തുടങ്ങിയ പദ്ധതികൾക്ക് 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

| | |
|---|---|
| 15ാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 8000000 |
| 15ാം ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 8000000 |
| **ആകെ** | 16000000 |

## ആസ്തി സംരക്ഷണ പദ്ധതി

നഗരസഭക്ക് കൈമാറികിട്ടിയ തനത് ആസ്തികൾ സംരക്ഷിക്കുന്നതിന് നഗരസഭയുടെ മെയിന്റൻസ് പദ്ധതി തയ്യാറാക്കുന്നതിനായി സ്ഥാപനതല മേധാവികളുടെ യോഗം നഗരസഭ വിളിച്ച് ചേർക്കുകയും ടി യോഗതീരുമാനപ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുകയും ചെയ്തു.4 സർക്കാർ എൽ പി സ്കൂളുകളും 2 സർക്കാർ ഹൈസ്കൂളുകളും2 ഹയർസെക്കൻഡറി സ്കൂളും,ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും,ആയുർവ്വേദം,ഹോമിയോ,മൃഗസംരക്ഷണ ആശുപത്രിയും 32 അങ്കണവാടികളുമാണ് നഗരസഭയിൽ നിലവിലുള്ളത്.അവയുടെ ഉന്നമനത്തിനും വികസന പ്രവർത്തനങ്ങള്ക്കുമാണ് നോൺറോഡ് വിഹിതം വകയിരുത്തിയിട്ടുള്ളത്. റോഡു വിഹിതം വിവിധങ്ങളായ റോഡു പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചിരിക്കുന്നു. പൊതു ജനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കി അവരുടെ കാര്യ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനാണ് ടി പദ്ധതികൾ കൊണ്ട് ലക്ഷ്യം വെക്കുന്നത്.

| SL.NO | PROJECT NAME MAL | FUND |
|---|---|---|
| | കൃഷി ഓഫീസ് ദൈനംദിന ചിലവുകൾ | 50000 |
| | വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മരുന്ന് വാങ്ങല് | 250000 |
| | വെറ്ററിനറി പോളിക്ലിനിക്കിലേക്ക് കണ്സ്യൂമബ്ള്സ് വാങ്ങല് | 50000 |
| | ഗവ ആയുര്വ്വേദ ആശുപത്രിയിലേക്ക് മരുന്ന് | 2200000 |
| | ഗവ ആയുര്വ്വേദ ആശുപത്രിയുടെ ദൈനംദിന ചിലവുകള് | 50000 |
| | ഗവ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങല് | 300000 |
| | ഗവ ഹോമിയോ ഡിസ്പെന്സറിയുടെ ദൈനംദിന ചിലവുകള് | 50000 |
| | അംഗനവാടികളുടെ ദൈനംദിന ചിലവ് | 200000 |
| | വെറ്ററിനറി പോളിക്ലിനിക്കിന്റെ ദൈനംദിന ചിലവുകള് | 50000 |
| | ഗവ മൃഗാശുപത്രി കൗ ലിഫ്റ്റ് | 300000 |
| | ജിഎല്പി സ്കൂള് വസൈററ് | 300000 |

| | | |
|---|---|---|
| | പുനരുദ്ധാരണം | |
| | ജിഎല്പി സ്കൂള് ഈസ്റ്റ് പുനരുദ്ധാരണം | 300000 |
| | 202324 വര്ഷത്തെ ബഹുവര്ഷ സ്പില്ഓവര് വിഹിതം എം ജി - റോഡ്നോണ് | 3029000 |

## സദ്ഭരണ പദ്ധതി

നഗരസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പൂർണ്ണമായ തോതിൽ ഇ ഓഫീസ് സംവിധാനം കൊണ്ടുവരികയും തൻ മൂലം പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ നൽക്കുന്നതിനുമാണ് ഈ പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നത്.

## പ്രാദേശിക സാമ്പത്തിക വികസനം (എൽ.ഇ.ഡി)

പ്രാദേശികമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും,കേരള സർക്കാറിന്റെ എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയും ഉൾകൊണ്ട് നഗരസഭയിലെ തൊഴിൽ രഹിതർക്ക് നൂതനീശയങ്ങളോടെയുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും പദ്ധതിക്കാലയളവിൽ ലക്ഷ്യം വെക്കുന്നു.

## ദുരന്ത മാനേജ്മെന്റ് പദ്ധതി

കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രളയങ്ങളും,പ്രകതി ദുരന്തങ്ങളുടെയും,കോവിഡിന്റെയും പശ്ചാതലത്തിൽ ദുരന്ത നിവാരണം രേരിടുന്നതിന് പ്രത്യേക പദ്ധതികൾ ദുരന്ത നിവാരണ പദ്ധതി രേഖ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

## അദ്ധ്യായം – 8

# വായ്പാ ബന്ധങ്ങൾ

നഗരസഭയിൽ വായ്പാബന്ധിതമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രോജക്റ്റുകൾ താഴെ പറയുന്നവയാണ്.

1. ആധുനിക ടൗൺ മാർക്കറ്റ്
2. ടൗൺഹാൾ
3. മൂസ്സക്കുട്ടി സ്മാരക ബസ്റ്റാന്റ്
4. ആയ്യുർവ്വേദാശുപത്രി കെട്ടിടം

നഗരസഭയുടെ മേൽസൂചിപ്പിച്ച പ്രധാന പ്രോജക്റ്റുകളുടെയും പണി പൂർത്തിയാക്കു ന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാർ ഏജൻസികളുമായും മറ്റ് ബാങ്കിംഗ് ധനകാ ര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് വായ്പാ പദ്ധതിക്ക് രൂപം നൽകും. നഗരസഭ പൂർത്തിയാക്കി ക്കൊണ്ടിരിക്കുന്ന 400 കുടുംബങ്ങൾക്ക് താമസിക്കാവുന്ന ഫ്ളാറ്റ് സമുച്ചയത്തിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉൽപ്പാദന-വിപണന സംരംഭങ്ങൾക്ക് പ്രവർത്തി ക്കുന്നതി നും വേണ്ടി സൗകര്യങ്ങളൊരുക്കുന്നതിന് വായ്പാ ബന്ധിത പ്രോജക്റ്റു കൾക്ക് രൂപം നൽകും.

ഇതു കൂടാതെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ-പ്രവാസി-കർഷകർ എന്നീ വിഭാഗങ്ങൾക്കു വേണ്ടി വിവിധ മേഖലകളിൽ സംരംഭകരെ കണ്ടെത്തി പരിശീലനം നൽകി വായ്പാ പദ്ധതികൾക്കായി ധനകാര്യ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂടി വിപുലപ്പെടുത്തും.

## അദ്ധ്യായം – 9

## സമഗ്ര പരിപാടികളും,സംയോജന സാധ്യതകളും

നഗരസഭ രൂപം നൽകിയിട്ടുള്ള 6 മിഷനുകൾ-ഷുവർ വിദ്യാഭ്യാസ പദ്ധതി, സുരക്ഷ-ആരോഗ്യ പദ്ധതി, സമൃദ്ധി-കൃഷി പദ്ധതി, ഫ്രെയിം-പശ്ചാത്തല വികസനം, കെയർ-ക്ഷേമപദ്ധതികൾ, സംരംഭകത്വ പദ്ധതി എന്നിവ വാർഷിക വികസന പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പാക്കുക. ഈ ആറുമിഷനുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന മാണ് നടത്തുക.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കൃഷി, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, മാലിന്യസംസ് കരണം, വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രോജക്റ്റുകൾ ദുരന്തനിവാരണ പദ്ധതി എന്നിവയു മായി ബന്ധിപ്പിക്കാൻ ശ്രമിക്കും. കുടുംബശ്രീ സംവിധാനത്തിന് കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, ആരോഗ്യം, മാലിന്യസംസ്കരണം, പാർപ്പിടം, പൊതുമരാമത്ത് എന്നിവയു മായി സംയോജിപ്പിച്ച് പ്രവർത്തിക്കാനാകും. കൂടാതെ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ കുടുംബശ്രീ സംവിധാനത്തിലാണ് പ്രധാനമായും പ്രവർത്തിക്കുക. സംയോജിത പരിപാടികൾക്കും സംയോജിത പ്രോജക്റ്റുകൾക്കും സർക്കാർ നൽകുന്ന പ്രോത്സാഹനം പരമാവധി പ്രയോജനപ്പെടു ത്താൻ കഴിയും. വാർഡ്-നഗരസഭാതലത്തിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന റസിഡൻസ് അസോസിയേഷൻ രൂപീകരണം നഗരസഭ നടപ്പിലാക്കുന്ന ഏതാണ്ട് എല്ലാ പ്രോജക്റ്റുകൾക്കും നിർവ്വഹണ മികവിന് സാധ്യതയൊരുക്കും. സമ്പൂർണ്ണ റസിഡൻസ് അസോസിയേഷൻ രൂപീകരണം ലഭ്യമാകുന്നതോടെ ജനങ്ങളെയും നഗരസഭാ ഭരണകൂടത്തിനെയും ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയായി പ്രവർത്തിക്കാൻ ഈ സംവിധാനത്തിന് കഴിയും. ഒരു നൂതന പ്രോജക്റ്റ് എന്ന നിലയിൽകൂടി പരിഗണിക്കുമ്പോൾ ഈ പ്രോജക്റ്റ് നടപ്പു പദ്ധിവർഷം വികസന പ്രവർത്തനങ്ങൾക്ക് മുന്നേറ്റമുണ്ടാക്കാൻ ഏറെ സഹായകരമാവുകയും ചെയ്യും. നഗരസഭയ്ക്ക് മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് നടപ്പാക്കാൻ കഴിയുന്ന സംയുക്ത പ്രോജക്റ്റുകൾ കുറവാണ്. എങ്കിലും നഗരസഭയുടെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ ജൽജീവൻ പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതി സമീപ ഗ്രാമപഞ്ചായത്തുകളായ ആലിപ്പറമ്പ്, ഏലംകുളം, താഴെക്കോട്, പഞ്ചായത്തുകളുമായി ചേർന്നുകൊണ്ടാണ് നടപ്പാക്കുക.

നഗരസഭയുടെ 6 മിഷനുകളുടെ മേൽ സൂചിപ്പിച്ച സമഗ്ര പരിപാടി സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുന്നതാണ്.

## അദ്ധ്യായം – 10

# മോണിറ്ററിംഗ്

പദ്ധതി രൂപീകരണം തൊട്ട് പൂർത്തീകരണം കൂടിയുള്ള പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവത്തോടെ എന്നാൽ ബഹുമുഖ ഘടനയോടെ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേ ണ്ടതുണ്ട്. പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾക്ക് ഭരണസമിതി, ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ നേതൃത്വം നൽകുകയും പങ്കാളിത്തം വഹിക്കുകയും ചെയ്യും. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാരവാഹികൾ ഉൾപ്പെടുന്ന താണ് അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് കമ്മിറ്റി. എന്നാൽ ആ കമ്മിറ്റികളുടെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഒരാളായിരിക്കും. നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇതു സംബന്ധിച്ച വിലയിരുത്തലുകൾ നടത്തും. വാർഡുകളിൽ നടക്കുന്ന വിവിധ വികസന-നിർമ്മാണ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് പ്രവർത്തികൾ നടക്കുന്ന മുറയ്ക്ക് നടത്തുകയും റിപ്പോർട്ട് ശേഖരിക്കുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി കൺവീനറാണ്. 3 മാസം കൂടുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി ചേർന്ന് മോണിറ്ററിംഗ് വിലയിരുത്തേണ്ടതാണ്.

******************************************